# 45

# രാജ്യത്തിലെ ബന്ധങ്ങൾ

## (18:1- 35)

മത്തായിയിലെ അഞ്ചു ഉപദേശഭാഗങ്ങളിൽ നാലാമത്തേത് ചുരുക്കി പറഞ്ഞിരിക്കുകയാണ് അദ്ധ്യായം 18-ൽ, "യേശു ഈ വാക്കുകൾ പറഞ്ഞു തീർന്നശേഷം" എന്നു പറഞ്ഞുകൊണ്ടാണ് അടുത്തത് തുടങ്ങുന്നത് (7:28; 11:1; 13:53; 19:1; 26:1). യേശു യെഹൂദ്യയിലേക്കും യെരുശലേമിലേക്കും പോകുന്നതിനു മുൻപ്, കഫർന്നഹൂമിലായിരുന്നപ്പോൾ അവതരിപ്പിച്ച ഉപദേശങ്ങളായിരുന്നു നാലാമത്തെ ഭാഗത്തിലുള്ളത് (19:1; 21:1).

ഈ സമയത്ത്, താൻ സ്ഥാപിക്കുവാനിരിക്കുന്ന പുതിയ വിശ്വാസ സമൂഹമായ സഭയിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെ കുറിച്ചായിരുന്നു യേശു ഉപദേശിച്ചത് (16:18). അദ്ധ്യായം വിഷയത്തിൽനിന്നു വിഷയത്തിലേക്ക് കടന്ന് അഞ്ചു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: (1) രാജ്യത്തിലെ ശ്രേഷ്ഠത (18:1-4), (2) ഇടർച്ച വരുത്തുന്നതിനെതിരെയുള്ള മുന്നറിയിപ്പ് (18:5-9), (3) കാണാതെ പോയ ആടിന്റെ ഉപമ (18:10-14), (4) ഏറ്റുമുട്ടൽ പരിഹരിക്കൽ (18:15-20), (5) ക്ഷമിക്കപ്പെടാത്ത ദാസന്റെ ഉപമ (18:21-35).

### രാജ്യത്തിലെ ശ്രേഷ്ഠത: താഴ്മ[1] (18:1-4)

**1ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു "സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ" എന്നു ചോദിച്ചു. 2അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി. 3"നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയി വരുന്നില്ല എങ്കിൽ, സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു. 4ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു".**

**വാക്യം 1.** കഫർന്ന ഹൂമിലെ മുൻ സംഭവത്തെ ബന്ധിപ്പിച്ചാണ് **ആ നാഴികയിൽ** എന്ന പ്രയോഗത്തോടുകൂടി അദ്ധ്യായം ആരംഭിക്കുന്നത് (17:24-27). ചർച്ച അവിടെയാണ് നടന്നതെന്ന് മർക്കൊസിന്റെ വിവരണം ഉറപ്പിക്കുന്നു (മർ. 9:33). പലപ്പോഴുമെന്നപോലെ, **ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ** ഒരു ചോദ്യവുമായിട്ടാണ്[2] വന്നത്.

മത്തായിയിലെ വിവരണം മർക്കൊസിലേതുമായി താരതമ്യം ചെയ്യുമ്പോൾ സാന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. ശിഷ്യന്മാർ യേശുവുമായി "ഗലീലയിൽ കൂടെ നടന്നു തുടങ്ങിയപ്പോൾ" സ്വർഗരാജ്യത്തിൽ വലിയവൻ ആർ എന്ന വിഷയത്തെ തുടർച്ചയായി ചർച്ച ചെയ്തുകൊണ്ടിരുന്നു (മർ. 9:30). കഫർന്നഹൂമിലെത്തിയശേഷം, അവർ താമസിക്കുന്ന വീട്ടിലെത്തി, അത് പത്രൊസിന്റെ വീടാണെന്ന് കരുതപ്പെടുന്നു. പിന്നെ യേശു ശിഷ്യന്മാർ

യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ ചർച്ച ചെയ്ത കാര്യത്തിലേക്ക് തിരിഞ്ഞു (മർ. 9:33). അവർ ചർച്ച ചെയ്തതെന്തായിരുന്നു എന്ന് അവന് അറിയാമായിരുന്നു, എങ്കിലും അവൻ അവരോട് ചോദിച്ചു. അവൻ അങ്ങനെ ചെയ്തത്, ഒരുപക്ഷെ അവർ ചർച്ച ചെയ്ത കാര്യത്തെ കുറിച്ചു ചിന്തിക്കുവാൻ കൂടെ ആയിരിക്കാം. ആ സംഭാഷണ മദ്ധ്യേ, അവർ ചോദിച്ചു, "**സ്വർഗ രാജ്യത്തിൽ വലിയവൻ ആർ?**"

തീർച്ചയായും, അപ്പോഴും ദൈവരാജ്യത്തെ കുറിച്ച് ശിഷ്യന്മാരുടെ ഉള്ളിൽ തെറ്റായ ആശയമായിരുന്നു ഉണ്ടായിരുന്നത്. ഈ ചർച്ചക്ക് വളരെ മുൻപല്ലാതെ രണ്ടാം പ്രാവശ്യവും അവൻ തന്റെ വികാരത്തെ പ്രകടിപ്പിച്ചിരുന്നു (17:22, 23). താൻ കഷ്ടതയനുഭവിക്കുന്ന ദാസനാണെന്ന് അവൻ തന്നെ ബോധ്യമാക്കിയിരുന്നതാണ്, എങ്കിലും ശിഷ്യന്മാർ അവരുടെ മുൻവിധിയിൽ തന്നെയാണ്, ലോകപ്രകാരമുള്ള സ്ഥാനത്തിലും മേന്മയിലുമാണ് അവരുടെ മനസ് കുടുങ്ങി കിടക്കുന്നത്. മർക്കൊസ് 9:35 പറയുന്നു, യേശു ശിഷ്യന്മാരോട്, "ഒരുവൻ മുമ്പനാകുവാൻ ആഗ്രഹിച്ചാൽ, അവൻ എല്ലാവരിലും ഒടുക്കത്തവനും, എല്ലാവർക്കും ശുശ്രൂഷകനും ആകേണം."

**വാക്യം 2**. ശിഷ്യന്മാരുടെ ചോദ്യങ്ങൾ പലപ്പോഴും യേശുവിനു പുതിയ ഉപദേശങ്ങൾ പഠിപ്പിക്കുവാനുള്ള അവസരങ്ങൾ ഒരുക്കി (13:10, 36; 18:21; 24:3). ഈ അവസരത്തിൽ, പഠിപ്പിക്കുവാൻ ആഗ്രഹിച്ച സത്യം മനസിലാക്കി കൊടുപ്പാൻ, അവൻ ഒരു **ശിശുവിനെ** കയ്യിലെടുത്തു. "കുട്ടി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പെയിഡിയോൻ*) **ശിശുവായ**, പ്രായം കുറഞ്ഞ കുഞ്ഞിനെയാണ് പറയുന്നത്. യേശു ആ കുഞ്ഞിനോട് തന്റെ അടുക്കൽ വരുവാൻ **വിളിച്ചതിനാൽ**, ആ കുഞ്ഞ് പിച്ചവെച്ചു നടക്കുന്ന പ്രായത്തിലായിരിക്കാം. രക്ഷകർത്താക്കളുടെ സഹായം ആവശ്യപ്പെട്ടതായി പറയുന്നില്ല. അവർ പത്രൊസിന്റെ വീട്ടിലായിരുന്നു എങ്കിൽ, പത്രൊസിന്റെ കുടുംബത്തിൽ പെട്ട ശിശു ആയിരുന്നേക്കാം എന്നു ചിലർ പറയുന്നു.

ശിശു യേശുവിന്റെ അടുക്കൽ വന്നപ്പോൾ, **അവൻ** കുട്ടിയെ ശിഷ്യന്മാരുടെ **മുമ്പിൽ നിറുത്തി**. പ്രായപൂർത്തിയിലെത്തിയവർക്ക് ശിശു പ്രാധാന്യമുള്ളതല്ല. പുരാതന ലോകത്ത് പ്രായപൂർത്തിയെത്തിയവരുടെ വില കുഞ്ഞുങ്ങൾക്ക് നൽകിയിരുന്നില്ല. പെൺമക്കളേക്കാൾ, ആൺമക്കളെ കാര്യമായി കണക്കാക്കിയിരുന്നു, കാരണം അവർ പക്വതയിലെത്തുമ്പോൾ, അദ്ധ്വാനിക്കുന്നവരും, യോദ്ധാക്കളുമാകും. യവന-റോമൻ സമൂഹത്തിൽ, ചിലപ്പോൾ ആരോഗ്യമില്ലാത്ത ആണുങ്ങളേയും സ്ത്രീകളേയും ഉപേക്ഷിച്ചുകളയും. ശിശുക്കളെ ഗർഭഛിദ്രം വരുത്തിയിരുന്നു. എന്നാൽ ശിശുക്കളെ ദൈവത്തിന്റെ മനോഹര സൃഷ്ടികളായി യെഹൂദന്മാർ കണ്ടിരുന്നു, അപ്പോഴും കുട്ടികളെ പ്രായപൂർത്തി ആയവരിൽനിന്നു കുറഞ്ഞവരായിട്ടാണ് കണക്കാക്കിയിരുന്നത് (19:13, 14). അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ, യേശുവിന്റെ പ്രതികരണം വാസ്തവത്തിൽ വിലയുള്ളതായിരുന്നു. ധാർമ്മിക വഴികൾക്ക് ഉപദേഷ്ടാക്കന്മാർ വിദ്യാർത്ഥികൾക്ക് അനുകരിക്കുവാൻ സാധാരണ എടുക്കുന്നത് വീരനായകന്മാരെയാണ്. അതിനു പകരം യേശു ഒരു ശിശുവിനെ അവരുടെ മദ്ധ്യത്തിൽ നിറുത്തി.[3]

**വാക്യം 3**. സ്വർഗരാജ്യത്തിൽ ആരായിരിക്കും വലിയവൻ എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന്, യേശു ഒരു ശിശുവിനെ നിറുത്തി ഒരു പാഠം പഠിപ്പി

ച്ചു. അവൻ വിവരിച്ചു, "**നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആയ്വരുന്നില്ല എങ്കിൽ, സ്വർഗരാജ്യത്തിൽ കടക്കയില്ല എന്നുഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു.**" രാജ്യത്തിൽ ആരായിരിക്കും വലിയവൻ എന്ന ചിന്ത ശിഷ്യന്മാരെ അലട്ടിയിരുന്നു. തങ്ങളായിരിക്കും രാജ്യത്തിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുക എന്ന ചിന്ത അവരിൽ വന്നിരിക്കാം. അവരുടെ സ്വാർത്ഥത യിലും സ്വ-കേന്ദ്രീകൃത സ്വഭാവത്തിലും ആയിരുന്നാൽ അവർ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല. "ഇല്ല" എന്നത് ഇരട്ട നിഷേധത്തിലാണ് (*ഒയുമേ*) ഉപയോഗിച്ചിരിക്കുന്നത്. അതിനെ "തീർച്ചയായും ഇല്ല" എന്നോ "ഒരിക്കലും ഇല്ല" എന്നോ തർജിമ ചെയ്യാം (എൻഐവി; എൻആർഎസ്വി).

ശിഷ്യന്മാർ "പരിവർത്തനം" (*സ്ട്രെഫോ*) ചെയ്യപ്പെടേണ്ടിയിരുന്നു; അവർക്ക് "തിരിയൽ" ആവശ്യമായിരുന്നു. ലൂക്കൊസ് അതേപോലെയുള്ള വാക്ക് (*എപിസ്ട്രെഫോ*), "മടങ്ങൽ," "തിരിയൽ" എന്ന് ആണ് തർജിമ ചെയ്തിരിക്കുന്നത്. പത്രൊസിന്റെ രണ്ടാമത്തെ പ്രസംഗം വിവരിക്കുമ്പോൾ അത് ഉപയോഗിച്ചിരിക്കുന്നു (പ്രവൃ. 3:19, 26). ശിഷ്യന്മാരുടെ വലിയവരാകുവാനുള്ള മനോഭാവത്തിൽനിന്നു തിരിഞ്ഞു താഴ്മയോടെ ശിശുക്കളെ പോലെ ആകണമായിരുന്നു. പരിവർത്തനം ചെയ്യപ്പെട്ട എല്ലാവരിലും കുട്ടികളെ പോലെയുള്ള മനോഭാവം ഉണ്ടായിരിക്കണം. കുട്ടികളിൽ നിഗളം കാണുകയില്ല, അവർ എളുപ്പത്തിൽ ക്ഷമിക്കുകയും, അവരിൽ പൂർണ്ണമായ വിശ്വാസം കാണുകയും ചെയ്യും.[4] സ്വർഗത്തിൽ പ്രവേശിക്കുവാനാഗ്രഹിക്കുന്നവരിൽ ഉണ്ടായിരിക്കേണ്ട ചില ആവശ്യകതകൾ ഇവയാണ്.

തിരുവെഴുത്തിൽ മറ്റൊരു ഭാഗത്തും കാണാത്ത "സ്വർഗ രാജ്യം" എന്ന പ്രയോഗം മത്തായിയിൽ മുപ്പത്തി-രണ്ടു പ്രാവശ്യം കാണാം. മർക്കൊസ് 9:1 ലെ "ദൈവരാജ്യം" എന്നതിന്റെ പര്യായമാണ് അത്. വാഗ്ദാനം ചെയ്ത രാജ്യമാണ് അത് (ദാനി. 2:44). ഒലിവു മലയിൽനിന്നു സ്വർഗാരോഹണം ചെയ്യുന്നതിനു മുൻപ് ശിഷ്യന്മാർ അവനോട് ചോദിച്ചു, "കർത്താവേ, ഈ കാലത്തിലോ നീ യിസ്രായേലിന്നു രാജ്യം യഥാസ്ഥാനപ്പെടുത്തി കൊടുക്കുന്നത്?" (പ്രവൃ. 1:6). രാജ്യത്തിന്റെ യഥാർത്ഥ സ്വഭാവത്തെ കുറിച്ച് അവർ അപ്പോഴും തെറ്റിദ്ധാരണയിലായിരുന്നു. യേശു അവരോട് പറഞ്ഞു,

> അവൻ അവരോട്, പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്, യെരുശലേമിലും, യെഹൂദ്യയിൽ എല്ലാടത്തും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും (പ്രവൃ. 1:7, 8).

ആ പ്രവചനം പെന്തെകൊസ്തുനാളിൽ നിവർത്തിയായി (പ്രവൃ. 2). അന്ന് അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് ശക്തിയോടെ വരികയും രാജ്യം ലോകത്തിൽ നിലവിൽ വരികയും ചെയ്തു (പ്രവൃ. 2:4, 32–36). വിശ്വാസം, മാനസാന്തരം, സ്നാനം എന്നിവയാൽ ആളുകൾ രാജ്യത്തിൽ പ്രവേശിച്ചു (പ്രവൃ. 2:37, 38). അതാണ് "വീണ്ടും ജനിക്കണം" എന്ന യേശുവിന്റെ നിർദ്ദേശം-അതായത് "ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ" ഒരാൾ "വെള്ളത്താലും ആത്മാവിനാലും ജനിക്കണം" (യോഹ. 3:3, 5).

**വാക്യം 4.** വാക്യം 1 ലെ അപ്പൊസ്തലന്മാരുടെ ചോദ്യത്തിനുള്ള മറു

പടിയോടുകൂടി ഈ ചെറിയ പാഠം അവസാനിപ്പിക്കുന്നു: "**ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ രാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു.**" തന്നെത്താൻ താഴുന്നവനും മറ്റുള്ളവരെ ശുശ്രൂഷിക്കുന്നവനുമാണ് ദൈവ ദൃഷ്ടിയിൽ വലിയവൻ. "താൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കു വേണ്ടി ജീവനെ കൊടുപ്പാനുമാണ് വന്നത്" എന്ന് യേശു തന്നെ കുറിച്ച് പറഞ്ഞിരിക്കുന്നു (20:28). പെസഹാ ഭക്ഷിപ്പാനിരുന്നപ്പോൾ, അവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകി അവർക്ക് ഒരു മാതൃക നൽകുകയായിരുന്നു (യോഹ. 13:5–16). ജെ. ഡബ്ലിയു. മെക്ഗാർവേ നിരീക്ഷിച്ചു, "ഏറ്റവും താഴ്ന്നവനാണ് ഉയരുന്നത് കാരണം, അവനാണ് നിസ്വാർത്ഥമായി ജീവിക്കുന്നതും ക്രിസ്തുവിനെ പോലെ ആകുന്നതും."[5] ആരോ പറഞ്ഞു, "മുട്ടിന്മേൽ നിൽക്കുന്ന ആൾ-മുകളിലേക്ക് പോകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, അയാൾ ആദ്യം താഴെ ഇറങ്ങണം."

### ഇടർച്ച വരുത്തുന്നതിനെതിരായ മുന്നറിയിപ്പ്: ഉത്തരവാദിത്വം (18:5-9)

**5"ഇങ്ങിനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. 6എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്ന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ, അവന്റെ കഴുത്തിൽ വലിയോരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ തള്ളിക്കളയുന്നത് അവന്നു നന്നു.**

**7"ഇടർച്ച ഹേതുവായി ലോകത്തിന്നു അയ്യോ കഷ്ടം; ഇടർച്ച വരുന്നതു ആവശ്യം തന്നെ, എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യന്ന് അയ്യോ കഷ്ടം!**

**8"നിന്റെ കയ്യോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞു കളക; രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനേക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്ക് നന്നു. 9നിന്റെ കണ്ണ് നിനക്ക് ഇടർച്ച ആയാൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞു കളക; രണ്ടു കണ്ണുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനേക്കാൾ ഒറ്റക്കണ്ണനായി ജീവനിൽ കടക്കുന്നതു നിനക്ക് നന്നു."**

വിശ്വാസികളോടുള്ള പെരുമാറ്റത്തിലേക്കാണ് യേശു പിന്നെ തിരിഞ്ഞത്. ആ വിശ്വാസികളെ നാം കൈക്കൊള്ളണം (18:5), അവർക്ക് ഇടർച്ച വരുത്തരുത് (18:6). മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്നവരെ കഠിനമായി ശിക്ഷിക്കും (18:7). അതിനു പുറമെ, താൻ ഒരിക്കലും ഇടർച്ചയാകാതെ സൂക്ഷിക്കുകയും വേണം (18:8, 9).

**വാക്യം 5. ഇതുപോലെയുള്ള ശിശുവിനെ** എന്നു പറയുന്നത്, യേശു കയ്യിലെടുത്ത ശിശുവിനെ പോലെ എന്നാണ് അർത്ഥം (മർ. 9:36). ഒരു വിശ്വാസിയെ കൈക്കൊള്ളുന്ന തത്വത്തെ കാണിക്കുവാൻ യേശു ആ ശിശുവിനെ കാണിച്ചു. പൊതുവിൽ പറയുകയാണെങ്കിൽ, **കൈക്കൊള്ളുക** എന്ന വാക്ക് (*ഡെക്കോമായി*) അർത്ഥമാക്കുന്നത് "ആരെയെങ്കിലും, അല്ലെങ്കിൽ എന്തിനെയെങ്കിലും, തന്നിലേക്ക് അടുപ്പിക്കുക" എന്നാണ്. അപ്പൊസ്തലന്മാരുടെ ദൗത്യനിർവ്വഹണത്തിൽ, അവരെ സഹായിക്കുന്നതിനായി പ്രത്യേകിച്ച് എടുത്ത് പറഞ്ഞിരിക്കയായിരുന്നു ഈ വാക്ക് (10:40–42 ന്റെ പരാമർശം

നോക്കുക). ഇവിടത്തെ അർത്ഥമാണ്, മർക്കൊസിന്റെ സമാന്തരവിവരണം പറയുന്നത്, "ക്രിസ്തുവിന്റെ അനുയായികൾ എന്ന അവരുടെ നാമം നിമിത്തം, മറ്റുള്ളവർ അപ്പൊസ്തലന്മാർക്ക് ആരെങ്കിലും ഒരു പാനപാത്രം വെള്ളം കുടിപ്പാൻ കൊടുത്താൽ" എന്നു പറഞ്ഞിരിക്കുന്നതും ആ അർത്ഥത്തിലാണ് (മർ. 9:41). *ഡെക്കോമായി* സൂചിപ്പിക്കുന്നത് മിഷ്ണറിമാർക്ക് അതിഥി സൽക്കാരം ചെയ്യുന്നതിന് ആ വാക്ക് മറ്റു വേദഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു (2 കൊ. 7:15; ഗലാ. 4:14; കൊലൊ. 4:10; പ്രവൃ. 21:17).

ഒരു ദൈവപൈതലിനോട്-സാമൂഹ്യമായി താഴെ കിടയിലുള്ളവരോടു പെരുമാറുന്നതുപോലെയാണ്-അവർ യേശുവിനോടും പെരുമാറുന്നത് എന്നതായിരുന്നു യേശുവിന്റെ പോയിന്റ് (25:40, 45 നോക്കുക). ലോകം നോക്കുന്നത് വലിയവരെയും പ്രചാരത്തിലിരിക്കുന്നവരെയുമാണ് എന്നു മനസിലാക്കുവാൻ വലിയ പ്രയാസമില്ല. ബലഹീനരേയും അറിയപ്പെടാത്തവരെയും ശുശ്രൂഷിപ്പാനാണ് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്.[6]

**വാക്യം 6.** വിശ്വാസികളിൽ **ചെറിയ ഒരുത്തന്നു ഇടർച്ച വരുത്തുന്നതി**നെതിരായി മുന്നറിയിക്കുന്നതിനും യേശു ശിശുവിനെ ചിത്രീകരിക്കുകയുണ്ടായി. ഒരിക്കൽ കൂടെ, ദൈവത്തിന്റെ ആത്മിയ മക്കളോടുള്ള സമീപനമാണ് പറയുന്നത്. മറ്റു പുതിയനിയമ പുസ്തകങ്ങളിലധികമായി മത്തായിയുടെ പുസ്തകത്തിൽ **ഇടർച്ച ... വരുത്തുന്നു** (*സ്കാന്റ്ഗലിസോ*) എന്നതു കാണാം.[7] ഈ അദ്ധ്യായത്തിൽ, വാക്യം 6, 8, 9-ൽ അത് മറ്റൊരാളെ പാപത്തിലേക്ക് സ്വാധീനിക്കുന്നതിനെയാണ് പറയുന്നത്.

മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്നവരെ കുറിച്ച് യേശു പറഞ്ഞു, **അവന്റെ കഴുത്തിൽ വലിയോരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തി കളയുന്നത് അവന്നു നന്നു**. ഒരു വിശ്വാസിക്ക് ഇടർച്ച വരുത്തി ന്യായവിധിയിലകപ്പെടുന്നതിനേക്കാൾ, അയാൾ ദാരുണമായി മരിക്കുന്നതാണ് നല്ലത് എന്നതായിരുന്നു യേശുവിന്റെ പോയിന്റ്. മറ്റുള്ളവരെ പാപത്തിലേക്ക് നയിക്കുന്ന വ്യക്തിയെ സമുദ്രത്തിൽ താഴ്ത്തി കളയുന്നതാണ് നല്ലത് (ലൂക്കൊ. 17:2).[8]

അത്തരം മരണശിക്ഷ പുരാതന ലോകത്ത് സാധാരണയല്ലായിരുന്നു, ചിലപ്പോൾ സംഭവിക്കുന്നതായിരുന്നു മുക്കിക്കൊല്ലൽ.[9] ഒരാളുടെ കഴുത്തിൽ വലിയോരു തിരികല്ല് കെട്ടി സമുദ്രത്തിനടിയിൽ താഴ്ത്തി കളയുന്ന ഭാവന രക്ഷപ്പെടുവാനുള്ള പഴുതുകളൊന്നുമില്ലാത്ത അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. തിരിച്ചുവരൽ അസാധ്യമായ വിധത്തിൽ ആ ശരീരം ആഴത്തിലേക്ക് പോകും. അങ്ങനെയാകുമ്പോൾ, ആ മൃതശരീരത്തിന് ശരിയായ അടക്കം ലഭിക്കുകയില്ല. ശിഷ്യന്മാർ അപ്പോഴും കഫർന്നഹൂമിൽ തന്നെ ആയിരുന്നതിനാൽ (മർ. 9:33), ഭാവനയിൽ വരുന്നത് ഗലീലാ കടലാണ്.

എൻഏഎസ്ബിയിൽ "വലിയോരു മൈൽസ്റ്റോൺ" എന്നതിന്റെ ഗ്രീക്ക് അക്ഷരികമായി പറയുന്നത് "[ഒരു] കഴുതയെ കെട്ടി വലിക്കുന്ന മൈൽസ്റ്റോൺ" എന്നാണ് (*മുലോസ് ഒനികോസ്*). ഒരു സമൂഹത്തിന്റെ മില്ലിലെ മുകളിലുള്ള വലിയ കല്ലാണ് ഇത്, അതിനെ ഒരു തൂണിനോട് കാളയെയോ അല്ലെങ്കിൽ കഴുതയെയോ ബന്ധിപ്പിച്ചിരിക്കും.[10] മൃഗത്തെ വട്ടത്തിൽ ചുറ്റിക്കുമ്പോൾ, വലിയ കല്ലിലെ ധാന്യം അരച്ച് മാവായി താഴെയുള്ള ചെറിയ കല്ലിലേക്ക് വീഴും. വീട്ടിൽ സ്ത്രീകൾ കൈകൊണ്ട് ആട്ടുന്ന ചെറിയ കല്ലിൽനിന്നു വ്യത്യാസമുള്ളതാണ് വലിയ ആട്ടുകല്ല് (24:41). ഇന്ന്, പുരാതന കാലത്തെ

പ്രതീതിയുണർത്തുന്ന അത്തരം ചെറിയ കല്ലുകൾ കഫർന്നഹൂമിന്റെ പല ഭാഗത്തും കാണാം.

**വാക്യം 7**. യേശു തുടർന്നു, **"ഇടർച്ച ഹേതുവായി ലോകത്തിന്നു അയ്യോ കഷ്ടം!"** "കഷ്ടം" എന്ന വാക്ക് നീതിയുള്ള കോപത്തെയാണ് പ്രതിഫലിപ്പിക്കുന്നത്, കർത്താവ് ആ വാക്ക് ദുഃഖവും കനിവും ഇടകലർത്തിയാണ് ഉപയോഗിച്ചിരിക്കുന്നത് (11:21 ന്റെ പരാമർശം നോക്കുക). ഇവിടെയുള്ള അവന്റെ പ്രസ്താവന പൊതുവിലുള്ളതാണെന്ന് തോന്നുന്നു. ലോകം, അഴിമതിയിലും മറ്റുമായി വീണുകിടക്കുകയാണ്. യേശുവിന്റെ ശിഷ്യന്മാർക്ക് മറി കടക്കേണ്ടതായ പല **ഇടർച്ചകളും** തടസങ്ങളും ഉണ്ടാകും. എങ്ങനെയായാലും, അവർ തടസങ്ങളും ഇടർച്ചകളും മാറ്റുമ്പോൾ അത് മറ്റൊരാൾക്ക് ഇടർച്ചയായി തീരരുത് (റോമർ. 14:13; 1 കൊ. 8:9–13; ലേവ്യ. 19:14).

യേശു പിന്നെ പറഞ്ഞു, **"ഇടർച്ച വരുത്തുന്ന മനുഷ്യന്നു അയ്യോ കഷ്ടം!"** പാപത്തിലേക്ക് നയിക്കുന്നതിന് ഇടർച്ചവരുത്തുന്നതിനെയാണ് പൊതുവിൽ ഇവിടെ പറയുന്നത്. 26:24 ലെ യൂദയുടെ ഒറ്റിക്കൊടുക്കലിനെയും അതുപോലെ കാണാമെന്നാണ് കർത്താവിന്റെ അറിയിപ്പ്: "മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്നവനോ ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നുവെങ്കിൽ അവനു കൊള്ളായിരുന്നു" (26:24; എൻഐവി).

**വാക്യങ്ങൾ 8, 9**. യേശു ഉപയോഗിച്ചത്-ഫലിപ്പിക്കുവാനായി അതിശയോക്തിയാണ്-ദുഷ്ടതയെ പൂർണ്ണമായി ഉന്മൂലനം ചെയ്യുവാനായിരുന്നു അത്. ഒരാളുടെ **കയ്യോ, കാലോ, കണ്ണോ** മറ്റൊരാളെ പാപത്തിലേക്ക് നയിക്കുകയാണെങ്കിൽ, അതിനെ വെട്ടി മാറ്റി കളയണം എന്നാണ്. മലമ്പ്രസംഗത്തിൽ താൻ പഠിപ്പിച്ചതിനെ ഈ വാക്കുകളിൽ "കാൽ" എന്നത് ചേർത്തിരിക്കുകയാണെങ്കിലും, യേശു ആവർത്തിക്കുകയായിരുന്നു (5:29, 30 ന്റെ പരാമർശം നോക്കുക).

സ്വയം-അംഗഭംഗപ്പെടുത്തൽ യെഹൂദന്മാർക്ക് അറപ്പുളവാക്കുന്നതായിരുന്നു, എന്നാൽ യേശുവിന്റെ അതിശയോക്തിപരമായ പ്രസ്താവന ശക്തമായിരുന്നു. ചില മതങ്ങൾ, അവരുടെ അതിരു കവിഞ്ഞ ഭക്തി പ്രദർശിപ്പിക്കുവാൻ ശരീരത്തെ അംഗഭംഗമാക്കിയിരുന്നു (1 രാജാ. 18:25–29). ചില മതങ്ങൾ ശരീരത്തിൽ പ്രഹരമേൽപ്പിക്കുന്നത് അതിനു ഉദാഹരണമാണ്. ശരീരം പാപത്തിലേക്കു പോകാതിരിക്കുവാനായി ചിലർ തങ്ങളുടെ ശരീരങ്ങളെ കത്തികൊണ്ടോ വാൾകൊണ്ടോ മുറിവേൽപിക്കും. പ്രാരംഭ ഘട്ടത്തിൽ ക്രിസ്ത്യൻ അസെറ്റിക്സും ഇതുപോലെയുള്ള പരിശീലനം നടത്തിയിരുന്നു (കൊലൊ. 2:23). എന്നിരുന്നാലും, യേശു വാസ്തവത്തിലുള്ള ശുദ്ധീകരണം ആന്തരിക മനുഷ്യനിലാണ് വേണ്ടത് എന്നു വ്യക്തമാക്കിയിരിക്കുന്നു (15:18, 19; 2 കൊ. 10:5 നോക്കുക).

രണ്ട് കാലും രണ്ട് കയ്യും ഉള്ളവനായി **നിത്യാഗ്നിയിൽ പോകുന്നതിനേക്കാൾ** അംഗഹീനനായി ജീവനിൽ കടക്കുന്നതാണ് നല്ലതെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. "നിത്യം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എയിയോണിയോസ്*) സൂചിപ്പിക്കുന്നത് ദുഷ്ടനുള്ള ശിക്ഷയുടേയും നീതിമാനുള്ള പ്രതിഫലത്തിന്റേയും കാലയളവാണ് (25:46). രണ്ടു കൂട്ടർക്കുമുള്ള കാലയളവ് ഒന്നു തന്നെയാണെന്നാണ് ആ വാക്ക് സൂചിപ്പിക്കുന്നത്.

വാക്യം 8 ലെ "നിത്യാഗ്നി" യുടെ പര്യായമാണ് വാക്യം 9 ലെ **നരകാഗ്നി**. "നരകം" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഗെഹെന്നാ*) യെരുശലേമിന്റെ തെക്കു ഭാഗത്തുള്ള താഴ്വരയായ ഹിന്നോം എന്ന പേരിൽനിന്നു രൂപപ്പെട്ടിട്ടുള്ളതാ

ണ്. പഴയനിയമകാലത്ത് ആ പ്രദേശം വഷളത്വത്തിന് പേരു കേട്ടതായിരുന്നു, പിൽക്കാലത്ത് അതു പാഴ്വസ്തുക്കൾ കൊണ്ടിടുന്ന സ്ഥലമായതിനാൽ, എപ്പോഴും തീ കത്തിക്കൊണ്ടിരുന്നു (5:22 ന്റെ പരാമർശം നോക്കുക). നരകം "കെടാത്ത തീ" ഉള്ളതും അവിടെ "പല്ലുകടിയും കരച്ചലും" എന്നേക്കുമായിരിക്കുമെന്നും യേശു പറഞ്ഞു (മർ. 9:43, 48).

## കാണാതെ പോയ ആടിന്റെ ഉപമ: വ്യക്തിപരമായ കരുതൽ (18:10-14)

**10"ഈ ചെറിയവരിൽ ഒരുത്തനെ തുഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. 11സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോട് പറയുന്നു. [മനുഷ്യപുത്രൻ കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ വന്നത്.]**

**12"നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യന്നു നൂറ് ആട് ഉണ്ട് എന്നിരിക്കട്ടെ; അവയിൽ ഒന്നു തെറ്റി ഉഴന്നുപോയാൽ തൊണ്ണൂറ്റൊമ്പതിനേയും വിട്ടേച്ച് തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ? 13അതിനെ കണ്ടെത്തിയാൽ, തെറ്റിപ്പോകാത്ത തൊണ്ണൂറ്റി ഒമ്പതിലും അതിനെ കുറിച്ച് സന്തോഷിക്കും എന്നു സത്യമായിട്ടു ഞാൻ നിങ്ങളോട് പറയുന്നു. 14അങ്ങനെ തന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നത് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനു ഇഷ്ടമല്ല."**

താഴ്മയുടെ പ്രാധാന്യം ഊന്നി പറഞ്ഞശേഷം (18:1-4), മറ്റുള്ളവർക്ക് ഇടർച്ച വരുത്തരുത് എന്നു പറഞ്ഞു (18:5-9), പിന്നെ യേശു പഠിപ്പിച്ചത്, ദൈവസന്നിധിയിൽ ഓരോ വിശ്വാസിക്കും ഉള്ള വിലയെ കുറിച്ചാണ്. ആ പാഠം പഠിപ്പിക്കുവാൻ അവൻ ആട് ഉൾപ്പെടുന്ന ഒരു ഉപമയാണ് ചിത്രീകരണത്തിന് ഉപയോഗിച്ചത് (18:10-14).

**വാക്യം 10**. പാഠം പഠിപ്പിക്കുവാൻ ഉപയോഗിച്ച ശിശു (18:2, 4, 5) യേശു തന്റെ ഉപദേശം തുടർന്നപ്പോഴും അവിടെ ഉണ്ടായിരിക്കുവാനാണ് സാധ്യത. വാക്യം 6 ലെ **ചെറിയവർ** എന്നു പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ ശിഷ്യന്മാരായിരിക്കാം. ശിഷ്യന്മാരെ ആരെയും ഒരിക്കലും തുഛീകരിച്ചിരിക്കയില്ല (റോമർ. 12:16; ഫിലി. 2:3, 4). **ശിഷ്യന്മാർ** എന്നതിന്റെ ഗ്രീക്ക് വാക്ക് (*കാറ്റാഫ്രോണെയോ*) എന്നത് "ലുക്ക് ഡൗൺ അപ്പോൺ," "ചെറുതായി വിചാരിക്കൽ" എന്നും തർജിമ ചെയ്യാം. ഒരു വ്യക്തിയെ തന്നേക്കാൾ കുറഞ്ഞവനായി കണക്കാക്കി അവജ്ഞയോടെ പെരുമാറുക എന്നർത്ഥം.

യേശു തുടരുന്നു, **"സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു."** ക്രിസ്ത്യാനികൾക്ക് കാവൽ മാലാഖമാരുണ്ട് എന്ന ആശയം ഈ പ്രസ്താവനയിൽനിന്നായിരിക്കാം വന്നത്. (എൻഈഎബി നോക്കുക) -ഒന്നുകിൽ ഓരോ ദൂതനും വ്യക്തിപരമായി ഓരോ ക്രിസ്ത്യാനികളെ നോക്കുകയോ ഒരു ദൂതൻ ഒന്നിലധികം ക്രിസ്ത്യാനികളെ നോക്കുകയോ ചെയ്യുന്നു. എബ്രായ ലേഖകൻ പറയുന്നത് ദൂതന്മാർ "ഒക്കെയും രക്ഷ പ്രാപിപ്പാനിരിക്കുന്നവരുടെ ശുശ്രൂഷക്ക് അയക്കപ്പെടുന്ന സേവകാത്മാക്കളാണ്" (എബ്രാ. 1:14). എങ്ങനെ. യായാലും, ഓരോ വ്യക്തിക്കും കാവൽ മാലാഖമാരുണ്ട് എന്ന ആശയത്തിന്

വ്യക്തമായ തെളിവ് തിരുവചനത്തിലില്ല (സീ *ആപ്ലിക്കേഷൻ: ഗാർഡിയൻ ഏഞ്ചൽസ് [18:10]*, പേജസ് 146-47).

അവിടെ പറഞ്ഞിരിക്കുന്ന ദൂതന്മാർക്ക് ദൈവത്തിന്റെ സിംഹാസനവുമായി ബന്ധപ്പെടാമായിരുന്നു (ലൂക്കൊ 1:19 നോക്കുക). "മുഖം കണ്ടുകൊണ്ടിരിക്കുക" എന്ന പ്രയോഗത്തിന്റെ അർത്ഥം, പുരാതന കോടതിയിൽ ആദരണിയമായ സ്ഥാനവും, രാജാവിന്റെ സന്നിധിയിൽ പ്രത്യേക നേട്ടവും ലഭിക്കുക എന്നാണ് (1 രാജാ. 10:8; 2 രാജാ. 25:19; എസ്. 1:14; യിരെ. 52:25).[11] ദൂതന്മാർ എപ്പോഴും ദൈവസന്നിധിയിൽ ആയിരിക്കുന്നതുപോലെ, അവൻ ഭൂമിയിലുള്ള തന്റെ മക്കളെ കാത്തു പരിപാലിക്കുന്നു. അത് പറയുവാൻ യേശു വ്യക്തമായ ഭാഷയാണ് ഉപയോഗിച്ചത് "ഭൂമിയിലെ തന്റെ ആളുകളിൽ ഏറ്റവും ചെറിയവരുടെ സാഹചര്യങ്ങൾ പോലും സ്വർഗസ്ഥനായ ദൈവം അറിയുന്നു."[12] ദൈവത്തിന്റെ "ചെറിയവരിൽ" ആരോടെങ്കിലും ആളുകൾ മോശമായി പെരുമാറിയാൽ, അവൻ അത് ശ്രദ്ധിക്കാതിരിക്കയില്ല.

**വാക്യം 11. [കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ മനുഷ്യപുത്രൻ വന്നത്.]** ഏറ്റവും ആദ്യം ഇറങ്ങിയ ഗ്രീക്ക് കയ്യെഴുത്തുപ്രതികളിൽ ഈ വാക്യം ഇല്ല. എൻഏഎസ്ബിയിൽ ഈ വാക്യം ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്, എന്നാൽ മിക്ക ആധുനിക വെർഷനുകളിലെല്ലാം അത് കുറിപ്പ് ആയിട്ടാണ് ചേർത്തിരിക്കുന്നത് (എൻഈബി; ടിഈവി; എൻഐവി; എൻആർഎസ്വി; എൻസിവി; സിഈവി; എൻഎൽടി). അത് വാക്യങ്ങൾ 10 മുതൽ 12 വരെ[13] സുഗമമായ തർജിമക്ക് ലൂക്കൊസിൽനിന്ന് എടുത്തതാണ് എന്നാണ് ബ്രൂസ് എം. മെറ്റ്സ്ജെർ പറഞ്ഞത്. ചേർത്തിരിക്കുന്ന "തിരയുക" എന്നത് ലൂക്കൊസ് 19:10 ലും കാണാം: "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനത്രെ മനുഷ്യപുത്രൻ വന്നത്." മത്തായിയിൽ വാക്യം ഉൾപ്പെടുത്തിയിരിക്കുന്നത് തീർച്ചയായും സത്യമാണ്. യേശു വന്നത് കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ തന്നെയായിരുന്നു, വാക്യങ്ങൾ 12 മുതൽ 14 വരെ ആ വസ്തുത വെളിപ്പെടുത്തുകയും ചെയ്യുന്നു.

**വാക്യം 12. "നിങ്ങൾക്ക് എന്തു തോന്നുന്നു?"** എന്ന ചോദ്യവുമായാണ് യേശു ഉപമ തുടങ്ങിയത്. അങ്ങനെ ചെയ്യുവാൻ കാരണം, അവൻ ശിഷ്യന്മാരുടെ ശ്രദ്ധ ക്ഷണിക്കുകയും, ചിന്തിക്കുവാനുള്ള അവസരം ഉണർത്തുകയും ചെയ്യുക എന്നതായിരുന്നു (17:25; 21:28; 22:42).

മത്തായിയിൽ ഈ ഉപമ ഒറ്റക്കാണുള്ളത്, എന്നാൽ ലൂക്കൊസിൽ നഷ്ടപ്പെടുന്നതിനെ കുറിച്ചു പറയുന്ന മൂന്ന് ഉപമകളിൽ ഒന്നായിട്ടാണ് കൊടുത്തിരിക്കുന്നത് (ലൂക്കൊ. 15). മറ്റു രണ്ട് ഉപമകളിൽ ഒന്ന് കാണാതെ പോയ നാണയം, മറ്റൊന്ന്, കാണാതെ പോയ ബാലൻ. രണ്ടാമത്തേതിനെ പലപ്പോഴും "മുടിയനായ പുത്രന്റെ ഉപമ" എന്നാണ് വിളിക്കുന്നത്. അതുപോലെയുള്ള ഉപമയായ കാണാതെ പോയ **ആടിന്റേത്** വേറിട്ട രണ്ട് അവസരങ്ങളിൽ കാണാം. മത്തായിയിൽ ആ ഉപമ കർത്താവിന്റെ ശിഷ്യന്മാരിലേക്കാണ് വിരൽ ചൂണ്ടുന്നത് (18:1), എന്നാൽ ലൂക്കൊസിൽ അത് വിരൽ ചൂണ്ടുന്നത് ശാസ്ത്രിമാരിലേക്കും പരീശന്മാരിലേക്കുമാണ് (ലൂക്കൊ. 15:2,3). രണ്ട് സംഭവങ്ങളിലും ചെറിയ വ്യത്യാസമുണ്ടെന്നാണ് വിശദാംശങ്ങൾ തെളിയിക്കുന്നത്.

ദൈവജനത്തെ ആടുകളായി ഉപമിക്കുന്ന ഭാവന പഴയനിയമത്തിലും പുതിയ നിയമത്തിലും കാണാം (9:36; 10:5, 6 നോക്കുക). **തൊണ്ണൂറ്റി-ഒമ്പതും ഒന്നും** എന്ന സംഖ്യകൾ ഉപയോഗിക്കുന്നതും യെഹൂദന്മാർക്കിടയിലെ ശീല

മായിരുന്നു.[14] കീനർ പറഞ്ഞതനുസരിച്ച്, ശരാശരി ആട്ടിൻകൂട്ടത്തിന്റെ സംഖ്യ യായിരുന്നു **നൂറ്**; ഒരു ഇടയന് അവയെ എളുപ്പത്തിൽ മേയ്ക്കുവാനും കഴി യും.[15] ഇത്തരം ഒരു കൂട്ടത്തെ നോക്കുന്ന ഇടയന്, ഉപമയിൽ പറയുന്നതുപോ ലെ, ഒന്ന് കാണാതെ പോയാൽ മനസിലാക്കുവാൻ കഴിയും. ഒരു നല്ല ഇട യൻ ആടുകളെ അടുത്തറിയുകയും, അവൻ അവയെ പേർ ചൊല്ലി വിളിക്കു കയും ചെയ്യും എന്നാണ് യേശു പറഞ്ഞത് (യോഹ 10:1-18). കാണാതെ പോ കാതിരുന്ന തൊണ്ണൂറ്റി-ഒമ്പത് പ്രാധാന്യമില്ലാത്തവയല്ല, പക്ഷെ കാണാതെ പോ യ ഒന്നിന് പല അപകടങ്ങളും സംഭവിക്കാം. അതുകൊണ്ട്, നഷ്ടപ്പെട്ടതിനെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. വിട്ടേച്ച് എന്ന പ്രയോഗത്തിലെ ഇരട്ട നിഷേധം (*ഔചി*) ആയ **അവൻ വിട്ടുപോയില്ലേ** എന്ന ചോദ്യത്തിന് ഒരു ഉറപ്പുള്ള ഉത്തരം പ്രതീക്ഷിക്കുന്നതാണ്; തീർച്ചയായും, ഇടയൻ നഷ്ടപ്പെട്ട ആടിനെ തിരഞ്ഞുപോകും.

**വാക്യം 13.** യേശു തുടർന്നു, "**അതിനെ കണ്ടെത്തിയാൽ ... തെറ്റിപ്പോ കാത്ത തൊണ്ണൂറ്റി-ഒമ്പതിലുമധികം അതിനെ കുറിച്ചു സന്തോഷിക്കും.**" "ആൽ" എന്നു പറയുവാൻ കാരണം ചിലപ്പോൾ, ആട് അലഞ്ഞു തിരിഞ്ഞ് ദൂരെ പോകുകയും വന്യമൃഗത്തിന്റെ ആക്രമണത്തിനിരയാവുകയും ചെ യ്താൽ കണ്ടെത്തുവാൻ സാധ്യമല്ല. എങ്ങനെയായാലും, കാണാതെ പോ യതിനെ തിരഞ്ഞു കണ്ടെത്തിയാൽ, ഇടയന് അധികം സന്തോഷമുണ്ടാകും. ലൂക്കൊസിന്റെ വിവരണത്തിൽ, യേശു പറയുന്നത്, "അവൻ അതിനെ കണ്ടെ ത്തിയാൽ, സന്തോഷിച്ച് ചുമലിൽ എടുക്കും" എന്നാണ് (ലൂക്കൊ. 15:5). ഇടയൻ അതിന്റെ ആവശ്യങ്ങൾ നിറവേറ്റി അതിനെ കൂട്ടത്തിലേക്ക് ചേർക്കു കയും, പിന്നെ തെറ്റിപ്പോയതിനെ കണ്ടെത്തിയതിനാൽ, അയൽക്കാരേയും സ്നേഹിതരേയും വിളിച്ച് അവരോടുകൂടെ സന്തോഷിക്കും (ലൂക്കൊ. 15:6). "മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റി-യൊമ്പതു നീതിമാ ന്മാരെ കുറിച്ചുള്ളതിനേക്കാൾ, മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും" എന്ന പ്രായോഗികതയാണ് അതിലുള്ളത് (ലൂക്കൊ. 15:7).

**വാക്യം 14. ഈ ചെറിയവരിൽ ഒരുത്തൻ പോലും നഷ്ടപ്പെടുവാൻ** ദൈവം ആഗ്രഹിക്കുന്നില്ല എന്നതാണ് ഉപമയിലെ പോയിന്റ്. നിത്യമായി ആരും തന്നിൽനിന്നു വേർപെട്ടുപോകുവാൻ അവൻ ആഗ്രഹിക്കുന്നില്ല (യോഹ. 3:16; 2 പത്രൊ. 3:9; 2 തെസ്സ. 1:6-10). കാണാതെ പോയ ആടുകളെ തിരയുവാനാ യിരുന്നു ദൈവം നല്ല ഇടയനായ തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത്. ഓരോ വ്യക്തിയുടേയും പ്രാധാന്യത്തെയും, യേശുവിന്റെ ആളുകളോടുള്ള വ്യക്തിപരമായ താൽപര്യവുമാണ് ഉപമയിൽ ഊന്നി പറയുന്നത്.[16]

## സംഘട്ടനം ഒഴിവാക്കൽ:
## അച്ചടക്കവും കൂട്ടായ്മയും
## (18:15-20)

**[15]"നിന്റെ സഹോദരൻ നിന്നോട് പിഴച്ചാൽ, നീ ചെന്നു നീയും അവനു ം മാത്രം ഉള്ളപ്പോൾ, കുറ്റം അവന്നു ബോധം വരുത്തുക; അവൻ നിന്റെ വാക്ക് കേട്ടാൽ നീ സഹോദരനെ നേടി. [16]കേൾക്കാഞ്ഞാലോ രണ്ടുമൂന്നു സാക്ഷികളുടെ വാക്കാൽ ഏതു കാര്യവും ഉറപ്പാകേണ്ടതിന്നു ഒന്നു രണ്ടു**

**പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. [17]അവരെ കൂട്ടാക്കാഞ്ഞാൽ സഭയോട് അറിയിക്ക; സഭയെയും കൂട്ടാക്കാഞ്ഞാൽ, അവൻ നിനക്ക് പുറജാതിക്കാരനും, ചുങ്കക്കാരനും എന്ന പോലെ ഇരിക്കട്ടെ. [18]നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു."**

**[19]"ഭൂമിയിൽ വെച്ച് നിങ്ങൾ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും, ഐകമത്യപ്പെട്ടാൽ, അത് സ്വർഗസ്ഥനായ എന്റെ പിതാവിങ്കൽനിന്ന് അവർക്ക് ലഭിക്കും. [20]രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോട് പറയുന്നു."**

പാപക്ഷമാപണത്തെ കുറിച്ച് യേശു വളരെ അധികം പഠിപ്പിച്ചു, എന്നാൽ തന്റെ അനുയായികൾ പാപത്തെ അവഗണിക്കുവാൻ അവൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. പാപത്തിൽ അകപ്പെടുന്ന സഹോദരന്മാരെ എങ്ങനെ കൈകാര്യം ചെയ്യണമെന്നാണ്, ഈ സമയത്ത് അവൻ പറയുന്ന പോയിന്റ് (18:15–17). മറ്റുള്ളവരുടെ പാപങ്ങൾ കെട്ടുകയും അഴിക്കുകയും ചെയ്യുന്ന വിധം അവൻ തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുക്കുകയായിരുന്നു (18:18–20).

**വാക്യം 15. നിന്റെ സഹോദരൻ നിന്നോട് പിഴച്ചാൽ** എന്ന നിബന്ധനയോടെയാണ് ഈ വാക്യം ആരംഭിക്കുന്നത്. ചില പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ ഗതി പ്രയോഗമായ "നിനക്കെതിരെ" എന്നാണ്, അത് കൂടുതൽ പ്രത്യേകവും വ്യക്തിപരവുമാണെന്നു കാണിക്കുന്നു.[17] അത് ആധികാരികമാണെന്നു തോന്നുന്നില്ലെങ്കിലും, അസംഖ്യം ആധുനിക വെർഷനുകളിൽ "നിനക്കെതിരെ" എന്നാണുള്ളത് (ടിഇൗവി; എൻഐവി; എൻആർഎസ്‌വി; എൻകെജെവി; സിഇൗവി; എൻസിവി; എൻഎൽടി). വില്യം ഹെൻഡ്രിക്സൺ വിശ്വസിച്ചത്, ആ വാക്കുകൾ ആരംഭത്തിൽ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, രഹസ്യമായ അഭിമുഖം, രഹസ്യമായി ചെയ്ത തെറ്റിനാണ്.[18] ഈ സന്ദർഭത്തെ എച്ച് എൽ. മാൻസെൽ ശ്രദ്ധിച്ചിരിക്കുന്നു. മുൻ വാക്യങ്ങളിൽ യേശുവിന്റെ ശിഷ്യന്മാരിൽ ചെറിയവർക്ക് ഇടർച്ച വരുത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്തിരിക്കയാൽ, അവൻ പറഞ്ഞു, ആ പാപത്തിൽ വ്യക്തിപരമായ ഇടർച്ച ഉൾപ്പെട്ടിരിക്കുവാനാണ് സാധ്യത.[19] കൂടാതെ, പത്രൊസ് വാക്യം 21-ൽ ചോദിച്ച വ്യക്തിപരമായ കാര്യമായിരുന്നു ക്രിസ്ത്യാനിക്കെതിരെ ഒരാൾ വരുത്തുന്ന ഇടർച്ച എന്നു തോന്നുന്നതാണ്.

"സഹോദരൻ" എന്ന വാക്ക് (*അഡാലെൽഫോസ്*) സൂചിപ്പിക്കുന്നത് അത് യേശുവിന്റെ ആത്മിയ കുടുംബത്തിലെ (12:46–50; 25:40; 28:10), സഭയിലെ (16:18; 18:17) അംഗമായിരുന്നു എന്നാണ്. ഈ സന്ദർഭത്തിൽ അത് സ്ത്രീകളെയും പുരുഷന്മാരെയും ഉൾപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. ഏതൊരു ദൈവപൈതലും, സ്ത്രീയായാലും പുരുഷനായാലും എതിരായി ഏതെങ്കിലും ക്രിസ്തുവിലുള്ള ഒരു സഹോദരനോ സഹോദരിക്കോ ഇടർച്ച വരുത്തിയാലുള്ള പാപത്തെയാണ് പറയുന്നത്. ഇത് വെറുമൊരു തെറ്റിദ്ധാരണയല്ല, തീർച്ചയായ തെറ്റോ, അപ്രധാനമായ കാര്യമോ, അഭിപ്രായ വ്യത്യാസമോ ആകാം. യേശു പറഞ്ഞത് "പാപത്തെ" കുറിച്ചാണ്; "പാപങ്ങൾ" എന്നതിനുള്ള അടിസ്ഥാന ഗ്രീക്ക് വാക്കാണ് മത്തായി ഉപയോഗിച്ചത് (*ഹാമാർടാനോ*).

ആർക്കെതിരെയാണോ ഇടർച്ച വരുത്തിയത്, അത് സ്ത്രീ ആയാലും പുരുഷനായാലും അവർക്ക് ഉത്തരവാദിത്വമുണ്ട്. അയാൾ ഇടർച്ച വരുത്തിയ ആളുടെ അടുക്കൽ ചെന്ന് താഴ്മയോടെയും സൗമ്യതയോടെയും കുറ്റം ബോധ്യപ്പെടുത്തണം (ഗലാ. 6:1). യേശു പറഞ്ഞു, **"നീ ചെന്നു രഹസ്യത്തിൽ അവന്നു കുറ്റം ബോധ്യമാക്കുക."** "കുറ്റം ... കാണിച്ചു കൊടുക്ക" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*എലെൻകോ*) അർത്ഥമാക്കുന്നത്, "വെളിച്ചത്താക്കുക," "ബോധ്യമാക്കുക," അല്ലെങ്കിൽ "തർജ്ജനം ചെയ്യുക." "അതെന്റെ തെറ്റല്ലായിരുന്നു, അവൻ അല്ലെങ്കിൽ അവൾ എന്റെ അടുത്ത് വരട്ടെ" എന്നതാണ് പൊതുവിലുള്ള സമീപനം. എങ്ങനെയായാലും, കർത്താവ് പറഞ്ഞു, "നീ അവന്റെ അടുക്കൽ ചെല്ലുക."[20] ഇടർച്ചക്ക് വിധേയരായ സഹോദരനോ സഹോദരിയോ ഇടർച്ച വരുത്തിയ ആളുടെ അടുക്കലേക്കാണ് പോകേണ്ടത്, അല്ലാതെ ആ പാപവുമായി മറ്റുള്ളവരുടെ അടുക്കലേക്കല്ല പോകേണ്ടത്. കഴിയുമെങ്കിൽ ആ കാര്യം രഹസ്യമായി വെക്കണം.

യേശു പറഞ്ഞു, **"അവൻ കേട്ടാൽ, നീ സഹോദരനെ നേടി."** ഇടർച്ചക്ക് വിധേയപ്പെട്ട ആൾ ക്ഷമിക്കുവാൻ തയ്യാറാകണം; ഇല്ലെങ്കിൽ, നമുക്ക് സഹോദരനെ "നേടുവാൻ" കഴിയുകയില്ല. വാദിച്ച് ജയിക്കുവാനല്ല, അയാൾ ഇടർച്ച വരുത്തിയ ആളെ നേടണം എന്ന ആഗ്രഹത്തോടുകൂടെയായിരിക്കണം അയാളുടെ അടുക്കൽ പോകേണ്ടത്. "നേടുക" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*കെർഡായിനോ*) നഷ്ടപ്പെട്ടവരെ രക്ഷിക്കുന്നതിനാണ് ഉപയോഗിച്ചിരിക്കുന്നത് (1 കൊ. 9:19–24), എന്നാൽ തെറ്റിപ്പോയവരെ തിരിച്ചു കൊണ്ടുവരാനും ശ്രമിക്കണം. യാക്കൊബ് എഴുതി, "സഹോദരന്മാരേ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെറ്റിപ്പോകയും, അവനെ ഒരുവൻ തിരിച്ചു വരുത്തുകയും ചെയ്താൽ, പാപിയെ നേർവഴിക്കാക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കുകയും പാപങ്ങളുടെ ബഹുത്വം മറെക്കുകയും ചെയ്യും എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ" (യാക്കൊ. 5:19, 20; യൂദാ. 22, 23 നോക്കുക).

**വാക്യം 16**. ആദ്യത്തെ പ്രബോധനത്തിനുശേഷം മാനസാന്തരം സംഭവിക്കുന്നില്ലെങ്കിൽ, രണ്ടാമത് ഒരു സന്ദർശനം കൂടെ നടത്തണം എന്ന് യേശു പറഞ്ഞു: **"അവൻ നിന്റെ വാക്ക് കേൾക്കാഞ്ഞാലോ, ഒന്നോ രണ്ടോ പേരെ കൂട്ടിക്കൊണ്ട് പോകുക."** രണ്ടോ മൂന്നോ സാക്ഷികളുടെ സാന്നിധ്യത്താൽ ഏതു കാര്യവും ഉറപ്പാകുന്നതിനു വേണ്ടിയാണ് ഇടർച്ചക്ക് വിധേയപ്പെട്ടയാൾ "ഒന്നോ രണ്ടോ" പേരെ കൂട്ടിക്കൊണ്ടു പോകുന്നത്. മറ്റുള്ളവരുമായുണ്ടാകുന്ന പ്രശ്നത്തെ കൈകാര്യം ചെയ്യുവാൻ വളരെ കാലമായുണ്ടായിരുന്ന വ്യവ-സ്ഥാപിത സമ്പ്രദായമായിരുന്നു അത് (സംഖ്യ. 35:30; ആവ. 17:6; 19:15; 2 കൊ. 13:1). അത്തരം ഇടപെടലുകളിൽ, ഒന്നിലധികം പേർ ചർച്ച കേൾക്കുകയും, സംഭവിച്ചതു അറിയുകയും ചെയ്യുന്നു-**അങ്ങനെ ഓരോ വസ്തുതയും ഉറപ്പിക്കാം.** മറ്റൊരു ഉദ്ദേശത്തെയും അത് ഉറപ്പിക്കുന്നു. ഇടർച്ചയനുഭവിച്ച ആൾ കേട്ടതുപോലെയോ മനസിലാക്കിയതുപോലെയോ ആയിരിക്കയില്ല സംഗതി, മൂന്നാമത് ഒരാൾ കേൾക്കുമ്പോൾ ശരിയായ രീതിയിൽ അതിനെ അപഗ്രഥിച്ച് തെറ്റിദ്ധാരണയുണ്ടായെങ്കിൽ അത് തീർക്കുവാനും ഉപകരിക്കും.

**വാക്യം 17**. രണ്ടാമത്തെ പ്രബോധനത്തിനുശേഷം, പാപി മാനസാന്തരപ്പെട്ടില്ലെങ്കിൽ, രഹസ്യമായി തുടങ്ങിയ കാര്യം പരസ്യമാക്കേണ്ട സമയമായി. അത് പിന്നെ **സഭയിൽ** കൊണ്ടുപോകുക, അതായത്, പ്രാദേശിക ഇടവകയുടെ മുമ്പാകെ എത്തിക്കുക (16:18 ന്റെ പരാമർശം നോക്കുക). പാപി മാനസാന്ത

രപ്പെട്ടില്ലെങ്കിൽ നേരിടുന്ന അപകടം എന്തെന്നാൽ, ആത്മാവ് നഷ്ടപ്പെടും എന്നതാണ്. അങ്ങനെ വരുമ്പോൾ സഭയുടെ മുഴുവൻ പ്രാർത്ഥനയും പ്രബോധനവും ആ പാപി തിരിഞ്ഞുവരുന്നതിനു വേണ്ടിയായിരിക്കും. വീണ്ടും, തെറ്റിപ്പോയ സഹോദരനെ നേടുക എന്നതായിരിക്കണം ലക്ഷ്യം (18:15).

മൂന്നാമത്തെ പ്രബോധനവും പരാജയപ്പെടുകയാണെങ്കിൽ, മാനസാന്തരപ്പെടാത്ത ഇടർച്ച വരുത്തിയ ആളെ സഭ അച്ചടക്കം വരുത്തണം. ഇങ്ങനെ സഭ അയാളെ കൂട്ടായ്മയിൽനിന്നു അകറ്റി നിർത്തുമ്പോഴും അയാൾ തെറ്റു തിരുത്തി ആത്മാവിന്റെ രക്ഷ നിലനിർത്തുവാനുള്ള ശ്രമമായിരിക്കണം നടത്തേണ്ടത് (1 കൊ. 5:5; 2 തെസ. 3:14, 15; 1 തിമൊ. 1:20; തിത്തൊ. 3:10, 11). യേശു പറഞ്ഞു, "**അവൻ നിങ്ങൾക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്നിരിക്കട്ടെ**." ജാതികളും ചുങ്കക്കാരും തങ്ങളുടെ ദുഷ്ടതക്ക് കീർത്തി കേട്ടവരായിരുന്നു (5:46, 47 ന്റെ പരാമർശം നോക്കുക). പൊതുവിൽ, യെഹൂദന്മാർ അവരോടുകൂടെ ഇരുന്നു ഭക്ഷിക്കുകയോ, യാത്ര ചെയ്യുകയോ അല്ലെങ്കിൽ, അവരുടെ വീട്ടിൽ താമസിക്കുകയോ ചെയ്യുകയില്ല. അവരോട് അവർക്ക് ഒരു ബന്ധവുമില്ലായിരുന്നു. ആ മനോഭാവത്തെ യേശു പ്രോൽസാഹിപ്പിക്കുകയായിരുന്നില്ലെങ്കിലും, ചില പാഠങ്ങളുടെ ചിത്രീകരണത്തിനായി യേശു അത് ഉപയോഗിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, നോക്കുക. 8:5–13; 9:9–13; 18:17).[21]

യേശു രൂപപ്പെടുത്തി പറഞ്ഞ നടപടി ക്രമം (18:15–17) യെഹൂദമതത്തിൽ പരിശീലിച്ചുകൊണ്ടിരുന്നതായിരുന്നു. ഖുമ്റാന്റെ ഒരു ഭാഗത്ത് പറയുന്നത് ഒരാൾ തന്റെ കൂട്ടുകാരന്നു ഇടർച്ച വരുത്തിയാൽ അന്നു തന്നെ പോയി അവനെ ശാസിക്കണം എന്നാണ് (ലേവ്യ. 19:17 നോക്കുക). പരസ്യയോഗത്തിൽ ആ കാര്യം കൊണ്ടുവരുന്നതിനു മുൻപ്, സാക്ഷികളോടുകൂടെ ഇടർച്ച വരുത്തിയ ആളെ അത് ബോധ്യപ്പെടുത്തണം.[22]

മൽസരികളായവരെ ഖുമ്റാനിൽ പറയുന്നത്, സമൂഹത്തിൽനിന്നും, മുഖ്യധാരയിൽനിന്നും, ആളുകൾ അവരെ പള്ളിഭ്രഷ്ടാക്കും എന്നാണു (യോഹ. 9:22; 12:42). അച്ചടക്കത്തിന്റെ ഭാഗമായി പള്ളിപ്രമാണിമാർ അവരെ ചമ്മട്ടികൊണ്ട് അടിപ്പിക്കുകയും ചെയ്യുമായിരുന്നു (10:17)[23]–അത്തരം പരിശീലനത്തിന് ക്രിസ്ത്യാനിത്വത്തിൽ സ്ഥാനമില്ല.

**വാക്യം 18**. അടുത്തതായി, യേശു പറഞ്ഞു, "**നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിഞ്ഞിരിക്കും**." കർത്താവ് ഈ പ്രസ്താവന പറഞ്ഞപ്പോൾ അപ്പൊസ്തലന്മാരെയായിരുന്നു സൂചിപ്പിച്ചത് (18:1 നോക്കുക). അത് സഭയെയും ഉദ്ദേശിച്ചത്രെ പറഞ്ഞത് (18:17 നോക്കുക). ഇതേ പ്രസ്താവന പത്രൊസിനോടും പറഞ്ഞിരിക്കുന്നു (16:19 ന്റെ പരാമർശം നോക്കുക). ആകയാൽ പത്രൊസിന് മറ്റു അപ്പൊസ്തലന്മാരേക്കാൾ പ്രത്യേക സ്ഥാനമൊന്നുമില്ലായിരുന്നു (യോഹ. 20:23 നോക്കുക). ഈ സന്ദർഭത്തിലെ, പ്രസ്താവന അർത്ഥമാക്കുന്നത്, ഒരു പാപിയെ നീതീകരിക്കാവുന്ന വിധത്തിൽ സഭ പുറത്താക്കുകയാണെങ്കിൽ (1 കൊ. 5:11, 12 നോക്കുക), അതിന്റെ പ്രതിഫലനം സ്വർഗീയ കോടതിയിലും ഉണ്ടാകുമെന്നർത്ഥം. മാനസാന്തരപ്പെടാത്ത പാപിയെ, സഭയിലെ അംഗങ്ങൾ കൂട്ടായ്മയിൽനിന്നകറ്റി നിർത്തുന്ന തീരുമാനം സ്വർഗത്തിലും അംഗീകരിക്കുമെന്നു വ്യക്തം.[24] ജോസെഫസ് കൂട്ടായ്മക്കും കൂട്ടായ്മയിൽനിന്നകറ്റി നിർത്തുന്നതിനും "കെട്ടുകയും," "അഴിക്കുകയും" എന്ന വാക്കുകൾ ഉപയോ

ഗിച്ചപ്പോൾ, കടമ നിർവ്വഹിക്കുന്നതും അല്ലാത്തതുമായ ഒരു പ്രവൃത്തിയായി ട്ടായിരുന്നില്ല ഉദ്ദേശിച്ചത്.[25]

**വാക്യം 19**. യേശു പിന്നെ പറഞ്ഞു, "**ഭൂമിയിൽ വെച്ച് നിങ്ങളിൽ രണ്ട് പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അത് സ്വർഗസ്ഥനായ എന്റെ പിതാവിങ്കൽനിന്നു അവർക്ക് ലഭിക്കും.**'' "ഐകമത്യം" എന്നതിനു ള്ള ഗ്രീക്ക് വാക്ക് (*സുംഫോനെയോ*) ഇംഗ്ലീഷ് വാക്കായ "സിംഫണി" യുമായി ഒത്തു നിൽക്കുന്നു. ഈ കാര്യത്തിലെ ''രണ്ടുപേർ'' (വാക്യം 16 ലെ പ്രസ്താവനയാണ് നമ്മെ ഓർപ്പിക്കുന്നത്) അന്യോന്യം യോജിക്കുക എന്നർത്ഥം. ഒരു പാപി മാനസാന്തരപ്പെട്ടോ ഇല്ലയോ എന്ന കാര്യത്തിൽ രണ്ടു സഹോദരന്മാർ തമ്മിൽ യോജിക്കുകയാണെങ്കിൽ, ആ തീരുമാനം സ്വർഗം അംഗീകരിക്കും. ഈ വാക്യം എടുത്ത് രണ്ടു ക്രിസ്ത്യാനികൾ ഏതെങ്കിലും കാര്യത്തിൽ യോജിക്കുകയാണെങ്കിൽ, ദൈവം അത് അംഗീകരിക്കും എന്ന് തെറ്റിദ്ധരിക്കരുത്. അത്തരം ചിന്തക്കാർ ദൈവത്തെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കുവാൻ ശ്രമിക്കുന്നവരാണ്. ദൈവേഷ്ടപ്രകാരം രണ്ടുപേർ ഐകമത്യ പ്പെട്ടു യാചിക്കുകയാണെങ്കിൽ അവർക്ക് അത് ലഭിക്കും എന്നാണ് അതിന്റെ അർത്ഥം (1 യോഹ 5:14, 15 നോക്കുക).

**വാക്യം 20. രണ്ടോ മൂന്നോ** ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കു വാൻ കൂടി വരുന്നതിന് ഈ വാക്യം പലപ്പോഴും ഉപയോഗിക്കാറുണ്ട്. സഭാ യോഗം തീർച്ചയായും അതിൽ അന്തർലീനമാണ്. എങ്ങനെയായാലും, ആ പ്ര സ്താവന സന്ദർഭോചിതമായി നാം മനസിലാക്കണം. ഇവിടെ രണ്ടോ മൂന്നോ **പേർ കൂടിവരുന്നത്** ആരാധിക്കുവാനായിരുന്നില്ല. മാനസാന്തരപ്പെടാതിരുന്ന ഇടർച്ച വരുത്തിയ സഹോദരനോ സഹോദരിയോ വരുമ്പോൾ മാനസാന്ത രപ്പെട്ടോ ഇല്ലയോ എന്നു പരിശോധിക്കുവാനാണ് കൂടി വന്നിരിക്കുന്നത്. അത്തരം അവസരങ്ങളിൽ, താൻ അവരുടെ മദ്ധ്യേ ഉണ്ടാകുമെന്നാണ് യേശു വാഗ്ദാനം ചെയ്തത്. "**ഞാൻ അവരുടെ നടുവിൽ ഉണ്ട്.**"

റബ്ബിമാർ പഠിപ്പിച്ചിരുന്നതിനോട് ഈ പ്രസ്താവന യോജിക്കുന്നു. ന്യാ യവിധിക്കായി രണ്ടോ മൂന്നോ പേർ ഇരിക്കുമ്പോൾ ശെക്കിനാ (ദൈവിക സാന്നിധ്യം) അവരുടെ നടുവിൽ ഉണ്ടാകും.[26] യേശു തീർച്ചയായും "ദൈവം നമ്മോടുകൂടെ" ആണ് (1:23), പൊതുവായി പറയുകയാണെങ്കിൽ, താൻ അവ സാനം വരെ സഭയോടുകൂടി ഉണ്ടായിരിക്കുമെന്നാണ് വാഗ്ദാനം ചെയ്തിരി ക്കുന്നത് (28:20)

## കരുണയില്ലാത്ത ദാസന്റെ ഉപമ: ക്ഷമാപണം (18:21-35)

**21അപ്പോൾ പത്രൊസ് അവന്റെ അടുക്കൽ വന്നു "കർത്താവേ, സഹോ ദരൻ എത്ര വട്ടം എന്നോട് പിഴച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴുവട്ടം മതിയോ" എന്നു ചോദിച്ചു. 22യേശു അവനോട്, ഏഴുവട്ടമല്ല, ഏഴു എഴുപ തു വട്ടം എന്നു ഞാൻ നിന്നോട് പറയുന്നു എന്നു പറഞ്ഞു.**

**23"സ്വർഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോട് സദൃശം. 24അവൻ കണക്ക് നോക്കി തുടങ്ങിയപ്പോൾ പ തിനായിരം താലന്തു കടമ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവ ന്നു.25അവന്നു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനോ**

**യും,ഭാര്യയേയും, മക്കളേയും, അവനുള്ളതൊക്കേയും വിറ്റു കടം തീർപ്പാൻ കൽപിച്ചു. [26]അതുകൊണ്ട് ആ ദാസൻ വീണ് അവനെ നമസ്ക്കരിച്ചു. 'യജമാനനേ എന്നോട് ക്ഷമ തോന്നേണമേ, ഞാൻ സകലവും തന്നു തീർക്കാം' എന്നു പറഞ്ഞു. [27]അപ്പോൾ ആ ദാസന്റെ യജമാനൻ മനസലിഞ്ഞു അവനെ വിട്ടയച്ചു കടവും ഇളെച്ചുകൊടുത്തു. [28]ആ ദാസൻ പോകുമ്പോൾ, തനിക്ക് നൂറ് വെള്ളിക്കാശ് കടമ്പെട്ട ഒരു കൂട്ടുദാസനെ കണ്ടു തൊണ്ടക്ക് പിടിച്ചു ഞെക്കി 'നിന്റെ കടം തീർക്കുക' എന്നു പറഞ്ഞു. [29]അവന്റെ കൂട്ടുദാസൻ അവനോട് 'എന്നോട് കരുണ തോന്നേണമേ, ഞാൻ തന്നു തീർക്കാം' എന്നു അവനോടു അപേക്ഷിച്ചു. [30]എന്നാൽ അവൻ മനസില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. [31]ഈ സംഭവിച്ചത് അവന്റെ കൂട്ടു ദാസന്മാർ കണ്ടിട്ട് വളരെ ദുഃഖിച്ചു. ചെന്നു സംഭവിച്ചത് ഒക്കെയും യജമാനനെ ബോധിപ്പിച്ചു. [32]യജമാനൻ അവനെ വിളിച്ചു. 'ദുഷ്ടദാസനേ, നീ എന്നോട് അപേക്ഷിക്കയാൽ, ഞാൻ ആ കടം ഒക്കെയും ഇളെച്ചു തന്നു വല്ലോ. [33]എനിക്ക് നിന്നോട് കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുകാരനോട് കരുണ തോന്നേണ്ടതല്ലയോ' എന്നു പറഞ്ഞു. [34]അങ്ങനെ യജമാനൻ കോപിച്ചു അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏൽപിച്ചു. [35]'നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും.' "**

ക്ഷമാപണത്തെ കുറിച്ചാണ് ഇപ്പോൾ യേശു ഉപദേശിക്കുന്നത്. തെറ്റു ചെയ്ത ഒരു സഹോദരനെ തിരുത്തുന്ന കാര്യം യേശു പരാമർശിച്ചതിനെ തുടർന്നായിരുന്നു പത്രൊസ്, വ്യക്തിപരമായ ലംഘനം നടത്തുന്ന വ്യക്തിയോട് ക്ഷമിക്കേണ്ടതെങ്ങനെ എന്ന് ചോദിക്കുന്നത് (18:21). കർത്താവ് അതിന് ഉത്തരം നൽകി (18:22), പിന്നെ ക്ഷമാപണ തത്വം മനസിലാക്കി കൊടുപ്പാൻ കരുണയില്ലാത്ത ദാസന്റെ ഉപമ പറഞ്ഞു കൊടുത്തു (18:23–35).

**വാക്യം 21.** ഒരിക്കൽകൂടെ, **പത്രൊസിന്റെ** ഔന്നത്യത്തെ മത്തായി എടുത്തു കാണിക്കുകയാണ് (14:28–32; 15:15; 16:16–19, 22, 23; 17:4, 24–27). ഈ അവസരത്തിൽ അപ്പൊസ്തലൻ ചോദിച്ചു, **"സഹോദരൻ എന്നോട് പിഴച്ചാൽ എത്രവട്ടം ക്ഷമിക്കേണം?"** "ക്ഷമിക്കുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*അഫിയെമി*) അക്ഷരികമായ അർത്ഥം, "പോകട്ടെ," അല്ലെങ്കിൽ, "ദൂരെ അയക്കുക" എന്നാണ്. ഈ ഉപദേശ സാഹചര്യത്തിൽ ധാർമ്മിക കടം നീക്കം ചെയ്യുന്നതിനാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ഒരാൾ മറ്റൊരാളോട് **ഏഴ് പ്രാവശ്യം** ക്ഷമിക്കുന്നതാണ് ഏറ്റവും കൂടുതൽ എന്നായിരുന്നു പത്രൊസ് വിചാരിച്ചത്. എങ്ങനെയായാലും, ഒരാളോട് മൂന്നു പ്രാവശ്യം ക്ഷമിച്ചാൽ മതി എന്നായിരുന്നു യെഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നത്. റബ്ബി ജോസ് ബെൻ പറഞ്ഞു, "ഒരാൾ ഒരു ലംഘനം നടത്തിയാൽ, അയാളോട്, ഒരു പ്രാവശ്യം, രണ്ടു പ്രാവശ്യം, മൂന്നു പ്രാവശ്യം ക്ഷമിക്കണം, നാലാമതും തെറ്റു ചെയ്താൽ ക്ഷമിക്കേണ്ടതില്ല."[27]

**വാക്യം 22.** യജമാനനിൽനിന്നു പ്രശംസ പ്രതീക്ഷിച്ച പത്രൊസിന് മൃദുവായ ശാസനയായിരുന്നു ലഭിച്ചത്: **"ഏഴ് വട്ടമല്ല, ഏഴ് എഴുപത് വട്ടം എന്നു ഞാൻ നിന്നോട് പറയുന്നു എന്നു പറഞ്ഞു."** ഗ്രീക്ക് പ്രയോഗം (*ഹെബ്ഡോമേകോൺടാകിസ് ഹെപ്റ്റാ*) പല വെർഷനുകളിലും തർജിമ

ചെയ്തിരിക്കുന്നത് "ഏഴ്-എഴുപതു-വട്ടം" എന്നാണ് (എൻഐവി; എൻആർ എസ്‌വി; എൻസിവീ; സിഇഎവി; എൻജെബി). സെപ്ത്വജിന്റിൽ ഉൽപത്തി 4:24-ൽ അതേ ഗ്രീക്ക് വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ആ വാക്യം എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്നത് "കയ്യിൻ ഏഴ് മടങ്ങു പ്രതികാരം ചെയ്തു എങ്കിൽ, ലാമേക്ക് എഴുപത്തി-യേഴ് ഇരട്ടിയാണ് പകരം വീട്ടിയത്." ലാമേക്കിന്റെ പ്രസ്താവന പ്രതികാരത്തിന്റേതായിരുന്നു എങ്കിൽ, യേശുവിന്റെ പ്രസ്താവന ക്ഷമാപണത്തിനുള്ളതായിരുന്നു.

തീർച്ചയായും, പരിമിതിയില്ലാതെ ശിഷ്യന്മാർ സഹോദരന്മാരോട് ക്ഷമിക്കണം എന്നാണ് യേശു അർത്ഥമാക്കിയത്. എബ്രായ സാഹിത്യത്തിൽ ''ഏഴു'' പൂർണ്ണ സംഖ്യകളിൽ ഒന്നാണ്. ''ഏഴും'' അതിന്റെ ഗുണന സംഖ്യകളും പൂർണ്ണതയെ അല്ലെങ്കിൽ തികവിനെയാണ് കാണിക്കുന്നത്. ''ഏഴ്-എഴുപത് വട്ടം ക്ഷമിച്ചുകഴിഞ്ഞാൽ പിന്നെ ക്ഷമിക്കേണ്ട" എന്നല്ല യേശു അർത്ഥമാക്കിയത്; മറിച്ച്, ആ സംഖ്യ അർത്ഥമാക്കുന്നത് "ആവശ്യമുള്ളത്രയും പ്രാവശ്യം" എന്നാണ് (ലൂക്കൊ. 17:3, 4 നോക്കുക).

**വാക്യം 23.** യാചിക്കുന്നവരോട് പരിധിയില്ലാതെ ക്ഷമിക്കണം എന്ന തത്വം യേശു പഠിപ്പിച്ചശേഷം, ക്ഷമിച്ചുകൊടുക്കാത്ത ദാസന്റെ ഉപമ അവൻ പഠിപ്പിച്ചു (18:23–34). തന്നോട് കടമ്പെട്ടിരിക്കുന്ന ദാസന്മാരെ വിളിച്ച് **കണക്ക് തീർക്കുവാൻ ആവശ്യപ്പെടുന്ന** ഒരു **രാജാവോടു**കൂടിയാണ് ആ ഉപമ ആരംഭിക്കുന്നത്.

**വാക്യം 24.** രാജാവ് തന്റെ പ്രവൃത്തി ആരംഭിച്ചപ്പോൾ, **അവന്നു പതിനായിരം താലന്തു കടമ്പെട്ട ഒരു ദാസനെ** കൊണ്ടുവന്നു നിറുത്തി. ഒരു "താലന്ത്" (*ടാലന്റൺ*) തൂക്കത്തിൽ വലിയ ഒരു യൂണിറ്റായിരുന്നു, അത് ഏതാണ്ട് എഴുപത്തിയഞ്ചു പൗണ്ടിനു തുല്യമായിരുന്നു. പുറപ്പാട് 38:25, 26 നോക്കിയാൽ, ഒരു താലന്ത് എന്നു പറയുന്നത് മൂന്നൂറു ശേക്കലിനു തുല്യമാണ്.[28] ഉപമയിലെ കടം, പൊന്നോ, വെള്ളിയോ, ചെമ്പോ എന്ന് മത്തായി പറയുന്നില്ല. എന്നിരുന്നാലും, അത് വലിയ ഒരു സംഖ്യയായിരുന്നു-ഒരുപക്ഷെ "കോടിക്കണക്കിനു രൂപ"[29] എന്നു നമുക്ക് പറയാം-കാണിക്കുന്നത് ആ ദാസന്റെ ദയനീയമായ അവസ്ഥയാണ്. അർക്കലയൊസും (യെഹൂദ്യയിലും, ഇദുമിയയിലും, ശമര്യയിലും), അന്തിപ്പാസും (ഗലീലയിലും പെറിയയിലും), ഫിലിപ് (ട്രക്കോണിറ്റിസിലും, ഇതൂര്യയിലും, ഗൗലാനിറ്റസിലും, ബാറ്റനീയിലും, ഔരാണിറ്റിസിലും) ഒരു വർഷം കപ്പം കൊടുത്തിരുന്നതിനേക്കാൾ വലിയ സംഖ്യ ആയിരുന്നു അത്.[30]

**വാക്യം 25. കൊടുത്തു തീർക്കുക** എന്നതിന്റെ ഗ്രീക്ക് വാക്ക് (*അപോഡിഡോമി*) ഉപമയിലുടനീളം ''തിരിച്ചു നൽകുക'' എന്ന അർത്ഥത്തിൽ ആവർത്തിച്ച് പല പ്രാവശ്യം പറയുന്നുണ്ട് (18:25, 26, 28, 29, 30, 34). അഡോൾഫ് ഡെയിസ്മാൻ പറഞ്ഞ "ഞാൻ മടക്കി കൊടുക്കും" എന്ന പ്രയോഗം പുരാതന ലോകത്ത് കടം വാങ്ങുന്നവർ എഴുതി കൊടുക്കുന്നതിൽ പലപ്പോഴും ഉപയോഗിച്ചിരുന്നതായി കാണാം.[31] അടിമക്ക് ആ കടം കൊടുത്തു തീർപ്പാനുള്ള കഴിവില്ലാത്തതിനാൽ, യജമാനൻ കൽപിച്ചതു, **അവൻ തന്റെ ഭാര്യയേയും, മക്കളേയും, തനിക്കുള്ളതൊക്കെയും വിറ്റു കടം തീർക്കട്ടെ** എന്നാണ് (പുറ. 22:3; 2 രാജാ. 4:1; നെഹെ. 5:4, 5).[32] അങ്ങനെ ചെയ്താൽ, യജമാനന് കിട്ടുവാനുള്ളതിന്റെ ചെറിയ ഒരംശമെങ്കിലും ലഭിക്കും.

**വാക്യം 26. അടിമ, താഴ്മയും** മാനസാന്തരവും ബഹുമാനവും കാണി ക്കുന്ന വിധത്തിൽ രാജാവിന്റെ **മുമ്പിൽ കുമ്പിട്ടു**. കരുണ **കാണിക്കേണമേ**, സമയം അനുവദിച്ചാൽ **തന്നു തീർത്തുകൊള്ളാം** എന്നു പറഞ്ഞു. അവന്റെ അപേക്ഷ വിരോധാഭാസമെന്ന് തോന്നിയേക്കാം കാരണം അവന്റെ കടം അവന്നു കൊടുത്തു തീർപ്പാൻ പറ്റാത്ത വലിയ സംഖ്യയായിരുന്നു.

**വാക്യം 27**. നിരാശയോടുകൂടിയ ആ മനുഷ്യന്റെ ദയനീയമായ കരച്ച ലിന്റെ ഫലമായി, രാജാവിന് അവനോട് **മനസലിവ് തോന്നി**. മത്തായിയിൽ, യേശുവിന് ആളുകളോട് മനസലിവ് തോന്നി പ്രവർത്തിച്ചതായി വിവരിച്ചിരി ക്കുന്നു (9:36; 14:14; 15:32; 20:34). രാജാവ് **അവന്റെ കടം ഇളെച്ചുകൊടുത്ത് അവനെ പറഞ്ഞയച്ചു**. അത് തികച്ചും കൃപ കാണിക്കുന്ന പ്രവൃത്തിയായിരു ന്നു. ആ മനുഷ്യനു ലഭിച്ച ആശ്വാസത്തെ കുറിച്ച് ഒരാൾക്ക് ഊഹിക്കുവാനേ കഴിയു.

**വാക്യം 28**. ദാസൻ കടം ഇളെച്ചുകിട്ടി രാജാവിന്റെ വീട്ടിൽനിന്നു പുറ പ്പെട്ട് അധികം പോകുന്നതിനു മുൻപ് അവൻ തനിക്ക് **നൂറു ദിനാർ തരുവാനു ള്ള ഒരു കൂട്ടു ദാസനെ കണ്ടുമുട്ടി**. ഒരു ദിനാർ എന്നു പറയുന്നത്, റോമൻ വെള്ളി നാണയമായിരുന്നു, അത് സാധാരണ ഒരു ജോലിക്കാരന്റെ ഒരു ദിവ സത്തെ ശമ്പളമായിരുന്നു (20:2). ആകയാൽ നൂറു ദിനാർ നൂറു ദിവസത്തെ ശമ്പളമാണ് (ഏതാണ്ട് നാല് മാസത്തെ). നാല് മാസത്തെ ശമ്പളം നല്ല ഒരു തുക തന്നെയായിരുന്നു; എന്നാൽ ആ ദാസൻ രാജാവിന് കടപ്പെട്ടിരുന്ന സംഖ്യയുമായി താരതമ്യം ചെയ്താൽ അവനു കിട്ടുവാനുള്ളത് വളരെ ചെറിയ സംഖ്യയായിരുന്നു.[33]

ആദ്യ ദാസൻ കോപിച്ച് തന്റെ കൂട്ടുദാസനെ **പിടിച്ച് അവന്റെ തൊണ്ടെക്കു ഞെക്കി**. കടം തീർക്കുവാൻ ആവശ്യപ്പെട്ടു. അത് അവനെ പിഴിഞ്ഞ് പണം ഈടാക്കുവാൻ ശ്രമിക്കുന്നതുപോലെയായിരുന്നു, എന്നാൽ ആ കൂട്ടുദാസന്റെ കയ്യിൽ ഒന്നുമില്ലായിരന്നു.[34]

**വാക്യം 29**. ആദ്യ ദാസൻ മുൻപ് രാജാവിന്റെ മുൻപിൽ ചെയ്തതുപോ ലെ, (18:26), രണ്ടാമത്തെ ദാസൻ, കൂട്ടു ദാസനോട്, **ക്ഷമിക്കേണമേ**, കടം സമയം അനുവദിച്ചാൽ **തീർത്തുകൊള്ളാം** എന്നു **യാചിക്കുവാൻ തുടങ്ങി**. ഈ കാര്യത്തിൽ, കൊടുത്തു തീർപ്പാൻ സാധ്യതയുണ്ട്.

**വാക്യം 30**. ഒന്നാമത്തെ ദാസൻ തന്റെ കൂട്ടു ദാസനോട് കരുണ കാണി ക്കാതെ അവനെ പിടിച്ച് **തടവിൽ** ആക്കിച്ചു (5:25 നോക്കുക). അത് കടം തീരുന്നതുവരെയായിരുന്നു. അതുവരെ തടവുകാരൻ അവനെ നിർബ്ബന്ധിച്ച് ജോലി ചെയ്യിപ്പിക്കുമായിരുന്നു. അത്തരം ഭീകരമായ സ്ഥിതിയിലാകുമ്പോൾ, കടക്കാരനു കൊടുത്തു തീർപ്പാൻ കൂടുതൽ ബുദ്ധിമുട്ടേണ്ടി വരും.

**വാക്യം 31. ആ ദുഷ്ടദാസന്റെ അന്യായമായ** പ്രവൃത്തികൾ കണ്ടു മറ്റു ദാസന്മാർ വളരെ **ദുഃഖിച്ചു**. അതിന്റെ ഫലമായി അവർ രാജാവായ യജമാ നനെ വിവരം **അറിയിച്ചു**.

**വാക്യം 32**. ആദ്യത്തെ **ദുഷ്ട**മനുഷ്യനെ രാജാവ് വിളിച്ചു തന്നോട് **യാചി ച്ചപ്പോൾ**, അവന്റെ കടം **ഇളെച്ചുകൊടുത്തത്** ഓർപ്പിച്ചു.

**വാക്യം 33**. രാജാവിൽനിന്നു **കരുണ** അനുഭവിച്ച ദാസൻ തന്റെ **കൂട്ടു ദാസനോട്** കരുണ കാണിക്കേണ്ടതായിരുന്നു. അതുപോലെ ദൈവത്തിന്റെ സ്നേഹവും കൃപയും അനുഭവിച്ചവർ, തങ്ങളുടെ സഹ മനുഷ്യരോട് ഇടപെ ടുമ്പോൾ, അങ്ങനെ തന്നെ പെരുമാറേണ്ടതാണ്. യോഹന്നാൻ എഴുതി, "പ്രി

യമുള്ളവരേ, ദൈവം നമ്മെ അങ്ങനെ സ്നേഹിച്ചു എങ്കിൽ, നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു" (1 യോഹ 4:11).

**വാക്യം 34.** രാജാവിന് ദുഷ്ടദാസനോട് **കോപം ജ്വലിക്കുകയും, കടം മുഴുവൻ തീർക്കുവോളം** അവനെ **ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏൽപിക്കയും** ചെയ്തു. മനസലിവുള്ള രാജാവിന് (18:27) കോപമുണ്ടാകുവാൻ കാരണം ക്ഷമിക്കപ്പെട്ട ദാസന് ലഭിച്ച ക്ഷമ മറ്റൊരാൾക്ക് കൊടുപ്പാൻ കഴിയാഞ്ഞതിനാലാണ്. ദൈവം ദീർഘക്ഷമയുള്ളവനാണെങ്കിലും (18:26), അവന്റെ ക്ഷമ എന്നേക്കുമുള്ളതാകയില്ല (22:7).

"ദണ്ഡിപ്പിക്കുന്നവർ," അല്ലെങ്കിൽ "തടവുകാർ" (എൻഐവി) ദുഷ്ട ദാസൻ എവിടെയെങ്കിലും പണം ഒളിപ്പിച്ചു വെച്ചിട്ടുണ്ടോ എന്നറിയുവാൻ ചോദ്യം ചെയ്യുമെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.[35] കടക്കാർ തങ്ങളുടെ കടം തീരുവോളം കഠിനമായ ജോലി ചെയ്യേണ്ടതായിട്ടുണ്ട്. ഈ മനുഷ്യന് ഒരിക്കലും കൊടുത്തു തീർപ്പാൻ കഴിവില്ലാത്തതിനാൽ, അവന്റെ ശേഷിച്ച കാലമെല്ലാം ദണ്ഡനം സഹിക്കേണ്ടതായി വരും.

**വാക്യം 35.** ഉപമ പ്രായോഗികമാക്കി യേശു അവസാനിപ്പിച്ചു: "**നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ സ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും.**" ഉപമയിലെ രാജാവ് സ്വർഗസ്ഥനായ പിതാവാണ്. സമൃദ്ധമായ പാപക്ഷമാപണം ലഭിച്ച കർത്താവിന്റെ ശിഷ്യന്മാർ മറ്റു വിശ്വാസികളുടെ പാപങ്ങൾ ക്ഷമിക്കാതിരുന്നതിനെ പ്രതിനിധീകരിക്കുന്നതാണ് ക്ഷമിക്കാത്ത ദാസൻ. ഓരോ ക്രിസ്ത്യാനിയുടേയും അസംഖ്യം പാപങ്ങൾ ക്ഷമിച്ചു തന്നതിനെയാണ് സൂചിപ്പിക്കുന്നത്, എന്നാൽ ചെറിയ കടമുള്ള കൂട്ടുദാസൻ പ്രതിനിധീകരിക്കുന്നത്, ക്രിസ്ത്യാനിക്ക് സഹ വിശ്വാസിയുടെ നിസാര തെറ്റ് ക്ഷമിക്കുവാൻ കഴിയാത്തതിനെയാണ്. ഒരാൾക്ക് തന്റെ സഹ വിശ്വാസിയുടെ തെറ്റു ക്ഷമിക്കുവാൻ മനസില്ലെങ്കിൽ, ദൈവവും അവന്റെ തെറ്റുകൾ ക്ഷമിക്കുവാൻ തയ്യാറാവുകയില്ല (6:15; എഫെ. 4:32; യാക്കൊ. 2:13).

## പാഠങ്ങൾ

### രാജ്യത്തിലെ ശ്രേഷ്ഠത (18:1-4)

താഴ്മയും ശുശ്രൂഷയും എന്ന മാർഗത്തിലൂടെ മാത്രമെ ശ്രേഷ്ഠത കൈവരിക്കുവാൻ കഴിയു എന്നാണ് യേശു പഠിപ്പിച്ചത്. നിഗളവും കീഴ്പ്പെടുത്തലും എന്ന ലൗകിക കാഴ്ച്ചപ്പാട് ക്രിസ്ത്യാനികൾ വിട്ടുകളയണം (20:25; 1 പത്രൊ. 5:3; 3 യോഹ. 9, 10). നമ്മുടെ വഴിയിൽ ആരെങ്കിലും വിജയകരമായിതീരുന്നുവെങ്കിൽ, അവരെ തട്ടിമാറ്റുന്നതല്ല ശ്രേഷ്ഠത. മറിച്ച്, അത് കൈവരിക്കേണ്ടത് താഴ്മയുള്ള സേവനത്തിലൂടെയാണ്-മറ്റുള്ളവരുടെ ജീവിതത്തിന് നാം അനുഗ്രഹമായി തീരണം (20:26–28; യോഹ. 13:1–17).

ഡേവിഡ് സ്റ്റുവർട്ട്

### കർത്താവിന്റെ ആടിനോടുള്ള കരുതൽ (18:10-35)

യേശു അന്നു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ, ഇന്നത്തെ അവന്റെ അനുയായികൾക്കും ചില പാഠങ്ങൾ നൽകിയിട്ടുണ്ട് (18:10–35).

*ക്രിസ്ത്യാനികൾ ചെറിയവരായവരെ വേണ്ട കരുതലോടെ ശ്രദ്ധിക്കണം* (18:10–14). നാം മറ്റുള്ളവരെ കുറഞ്ഞവരായി കാണരുത്. ദൈവം അവരെ സ്നേഹിക്കുകയും, ദൂതന്മാർ അവരെ സൂക്ഷിക്കുകയും ചെയ്യുന്നു (18:10; എബ്രാ. 1:14 നോക്കുക), യേശു വന്നത് അവരേയും രക്ഷിപ്പാനാണ് (18:11). ദൈവത്തിന് എല്ലാവരും പ്രാധാന്യമുള്ളവരാണ് (18:12–14).

*പാപം ചെയ്ത് മാനസാന്തരപ്പെടാതിരിക്കുന്നവരെ അച്ചടക്കം വരുത്തത്തക്ക വിധത്തിൽ ക്രിസ്ത്യാനികൾ കരുതലുള്ളവരായിരിക്കണം* (18:15–20). പൗലൊസ് കൊരിന്ത്യ സഭയെ നിർദ്ദേശിച്ചതുപോലെ, സഭയെ നിർമ്മലമായി സൂക്ഷിപ്പാൻ അംഗങ്ങൾക്ക് ഉത്തരവാദിത്തമുണ്ട് (1 കൊ. 5:4–11). പരസ്യമായി പാപം ചെയ്യുവാൻ അംഗങ്ങളെ അനുവദിച്ചാൽ കർത്താവിന്റെ നാമം ദുഷിക്കപ്പെടും. പാപിയെ തിരിച്ച് ദൈവത്തിങ്കലേക്ക് കൊണ്ടുവരുന്നതിനായിരിക്കണം അച്ചടക്കം.

*ക്ഷമിക്കത്തക്കവണ്ണം വേണ്ടത്ര കരുതലുള്ളവരായിരിക്കണം ക്രിസ്ത്യാനികൾ* (18:21–35). പത്രൊസിന്റെ ചോദ്യവും, കർത്താവിന്റെ ഉത്തരവും, ക്ഷമാപണത്തെ കുറിച്ചുള്ള ഉപമയും നാം ശ്രദ്ധിക്കണം.

**കാവൽ ദൂതന്മാർ (18:10)**

മത്തായി 18:10–ൽ, യേശു പറഞ്ഞു, "സ്വർഗത്തിലെ അവരുടെ ദൂതന്മാർ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു." "അവരുടെ ദൂതന്മാർ" എന്നതിനെ ചിലർ "കാവൽ മാലാഖമാർ" എന്നു വ്യാഖ്യാനിക്കുന്നുണ്ട്. ബൈബിളിൽ ആ പേർ പറയുന്നില്ല, എന്നാൽ അത്തരം "ദൂതന്മാരുണ്ട്" എന്ന പ്രതീതി ജനിപ്പിക്കുന്ന വേദഭാഗങ്ങളുണ്ട് (ഉപ്. 48:16; സങ്കീ. 34:7; 91:11, 12; ദാനി. 4:13; 10:13, 21; 12:1; പ്രവൃ. 12:13–15). അതിലുപരിയായി, ഈ ആശയത്തെ അനുകൂലിക്കുന്ന ബൈബിളിന-പ്പുറമായ ഉറവിടങ്ങളുമുണ്ട്.[36]

ആധുനിക വിശ്വാസങ്ങൾ ഭൂരിഭാഗവും പ്രത്യേക ദൂതന്മാരെ പിന്താങ്ങുന്നതാണ്, പക്ഷെ അത് ദൈവത്തിന്റെ വചനത്തിൽനിന്നുത്ഭവിച്ചതല്ല. ജനിക്കുന്ന സമയം മുതലോ, അല്ലെങ്കിൽ അതിനുശേഷമോ ഓരോ വ്യക്തിക്കും പ്രത്യേകമായ മാലാഖ സൂക്ഷിക്കുവാനുണ്ട് എന്നാണ് ചിലരുടെ വിശ്വാസം. മറ്റുള്ളവർ വിശ്വസിക്കുന്നത്, ക്രിസ്ത്യാനികൾക്ക് മാത്രമാണ് ദൂതന്മാരുടെ സംരക്ഷണമുള്ളത് എന്നും, അത് അയാൾ ദൈവത്തോട് വിശ്വസ്തത പുലർത്തി ജിവിക്കുന്നേടത്തോളം മാത്രമെ ലഭിക്കുന്നുള്ളു എന്നുമാണ്. ഒരാളെ ഉപദ്രവത്തിൽ നിന്നും അല്ലെങ്കിൽ അപകടത്തിൽനിന്നും സംരക്ഷിക്കുക എന്നതാണ് കാവൽ ദൂതന്മാരുടെ ഉദ്ദേശം എന്നതാണ് ഒരു സിദ്ധാന്തം. ആ പങ്കിൽ, ദൂതൻ ആ വ്യക്തിയുടെ പാതയിൽ നടന്ന് അപകടത്തിൽനിന്നു രക്ഷിക്കുകയാണ് ചെയ്യുന്നത്. മനസാക്ഷിയെപോലെയാണ് കാവൽ ദൂതന്മാർ പ്രവർത്തിക്കുന്നത് എന്നാണ് മറ്റൊരു സിദ്ധാന്തം. എതിരായ ദിശയിലേക്ക് ഒരാളെ നയിക്കുന്ന വിധത്തിൽ ഒരു വ്യക്തിയുടെ ഒരു വശത്തുള്ള തോളിൽ നല്ല ദൂതനും, മറുവശത്ത് മോശമായ ദൂതനും ഉള്ള ചിത്രം നമ്മിൽ പലരും കണ്ടിരിക്കും.[37]

എല്ലാ ക്രിസ്ത്യാനികളെയും സംരക്ഷിക്കുന്നതിനു കാവൽ മാലാഖമാരുണ്ടെങ്കിൽ, നിർഭാഗ്യകരമായ കാര്യങ്ങൾ നമുക്ക് സംഭവിക്കുമ്പോൾ, അത് ആരുടെ തെറ്റുകൊണ്ടാണ് ഉണ്ടാകുന്നത്? കാവൽ മാലാഖ പരാജയപ്പെടുകയാണോ? തെറ്റുപറ്റുന്ന, ഉപേക്ഷ വിചാരിക്കുന്ന ദൂതനെയാണോ ക്രിസ്ത്യാനിയെ സംരക്ഷിക്കുവാൻ ഏൽപിച്ചിരിക്കുന്നത്? വ്യക്തിപരമായി ദൂതന്റെ സംര

ക്ഷണമുണ്ടെന്ന് കേൾക്കുന്നത് ചിലർക്ക് ആശ്വാസമാണ്, പക്ഷെ തിരുവെഴുത്തിൽ അതിനു തെളിവില്ല. ദൂതന്മാർ ഇന്നും പ്രവർത്തിക്കുന്നതായി ബൈബിൾ പറയുന്നു, എന്നാൽ അത് വ്യക്തിപരമായ കാവൽ ദൂതന്മാർ എന്ന നിലയിൽ ആകണമെന്നില്ല. അവർ ദൈവത്തിന്റെ കരുണാധിക്യപ്രകാരം സേവിക്കുന്നവരാണ് (എബ്രാ. 1:14). നാം അത്തരം ചിന്തയോടെ ദൂതന്മാരെ കാണുകയോ ആരാധിക്കുകയോ ചെയ്യരുത് (കൊലൊ. 2:8; വെളി. 22:8, 9), കാരണം, അവരും, സൃഷ്ടികളിൽ പെട്ടവരാണ് (സങ്കീ. 148:1–6). നമ്മുടെ ശ്രദ്ധ എപ്പോഴും ക്രിസ്തുവിൽ ആയിരിക്കണം (എബ്രാ. 1:5, 6).

### സംഘട്ടനം ഒഴിവാക്കൽ (18:15-20)

ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് ഇടർച്ച വരുത്തുകയും മാനസാന്തരപ്പെടുവാൻ കൂട്ടാക്കാതിരിക്കയും ചെയ്യുന്നതിനെ കൈകാര്യം ചെയ്യുവാൻ ഇവിടെ ഒരു തത്വം പറയുന്നുണ്ട്, ഈ വേദഭാഗത്തെ എടുത്ത് വിശാലമായി വ്യാഖ്യാനിച്ച്, പലപ്പോഴും ആ വേദഭാഗം പറയാത്തതിനെ ന്യായീകരിക്കുന്നുണ്ട്. ഒരു ക്രിസ്ത്യാനി രഹസ്യമായി മറ്റൊരാൾക്ക് ഇടർച്ച വരുത്തുന്നതിനെയാണ് പ്രത്യേകമായി പറയുന്നത്. ഈ കാര്യത്തിൽ, ഇടർച്ച വരുത്തിയ ആൾ രഹസ്യസംഭാഷണത്തിൽ മാനസാന്തരപ്പെട്ടില്ലെങ്കിൽ, സഭയിൽ പരസ്യമാക്കുവാനാണ് പറഞ്ഞിരിക്കുന്നത്. ഇത് ചെയ്യുന്നത് ഇടർച്ച വരുത്തിയ ആൾ മാനസാന്തരപ്പെടുമെന്ന പ്രത്യാശയിലാണ്.

### ദൈവത്തിന്റെ ക്ഷമാപണത്തിന്<br>എതിരാണ് നമ്മുടെ ക്ഷമാപണം (18:21-35)

ക്ഷമാപണത്തിന്റെ അനുഗ്രഹത്തെ കുറിച്ച് യേശു പഠിപ്പിക്കുന്ന ഭാഗങ്ങളിൽ ഒന്നാണ് (മത്തായി. 18:21–35). സഹോദരങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ എങ്ങനെ പരിഹരിക്കണമെന്ന് നിർദ്ദേശിച്ച ശേഷം, ക്ഷമാപണത്തെ കുറിച്ചുള്ള ഒരു ഉപമ പഠിപ്പിച്ചു.

*ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ മനസ്.* കൊടുത്തു തീർക്കുവാൻ കഴിയാത്ത കടമുള്ള ഒരു ദാസനെയാണ് ഈ ഉപമയിൽ ആദ്യം പറയുന്നത്. ദൈവമായി പ്രതിനിധീകരിക്കുന്ന യജമാനൻ അവന്റെ കടമെല്ലാം ഇളെച്ചുകൊടുത്തു. നമ്മുടെ ക്ഷമിക്കലും ദൈവത്തിന്റെ ക്ഷമിക്കലും തമ്മിലുള്ള അന്തരം യേശു ഇതിൽ കാണിക്കുന്നു. തന്റെ മുൻപുണ്ടായിരുന്ന കടവുമായി താരതമ്യം ചെയ്യുമ്പോൾ, നിസാര തുക കടപ്പെട്ട കൂട്ടു ദാസനോട് ക്ഷമിക്കുവാൻ അവനു കഴിഞ്ഞില്ല. ആ ദാസൻ തന്റെ കൂട്ടുകാരനോട് ചെയ്തതു യജമാനന്റെ ചെവിയിലെത്തിയപ്പോൾ, അവനെ വിളിച്ച് ദണ്ഡിപ്പിക്കുന്ന കടക്കാരുടെ തടവുകാരനെ ഏൽപിച്ചു (18:34).

*എല്ലാ പാപവും ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ മനസ്.* ദൈവത്താൽ ക്ഷമിക്കപ്പെട്ടവരാണ് എല്ലാ ക്രിസ്ത്യാനികളും. നമുക്ക് ഒരിക്കലും കൊടുത്തു തീർക്കുവാൻ കഴിയാത്ത നമ്മുടെ അസംഖ്യം പാപങ്ങളെയാണ് ക്രൂശിന്റെ സന്ദേശം എടുത്തുകാണിക്കുന്നത്. നമ്മുടെ പാപങ്ങളുടെ മുഴുവൻ കടവും തന്റെ പുത്രൻ മുഖാന്തരം ദൈവം കൊടുത്തു തീർത്തു.

*പൂർണ്ണമായും ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ മനസ്.* ദൈവത്തിന്റെ പൂർണ്ണമായ ക്ഷമാപണത്തെ പറ്റി പറയുന്നത് തിരുവെഴുത്തിൽ പല ഭാഗത്തും നമുക്ക് മനസിലാക്കാം (സങ്കീ. 103:12; 130:7; റോമർ. 4:7, 8; എബ്രാ. 8:12; 10:17).

അക്ഷരികമായി ദൈവം മറക്കുകയില്ല, മറക്കുവാൻ കഴിയുകയുമില്ല-എന്നാൽ പാപി മാനസാന്തരപ്പെടുമ്പോൾ, നീതിയുള്ള ശിക്ഷയിൽനിന്ന് അവനു ആശ്വാസം പകരും.

*നാം മറ്റുള്ളവരോട് ക്ഷമിച്ചാൽ, നമ്മോട് ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ മനസ്.* നാം മറ്റുള്ളവരോട് ക്ഷമിക്കുന്നതിനനുസരിച്ചാണ് ദൈവം നമ്മോട് ക്ഷമിക്കുന്നത് (5:7; 6:14, 15; 18:21, 22; ലൂക്കൊ. 17:3, 4). നാം ക്ഷമിക്കപ്പെട്ടതുകൊണ്ടാണ് നാം മറ്റുള്ളവരോട് ക്ഷമിക്കേണ്ടത് എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെ. 4:32). മറ്റുള്ളവരിലേക്ക് പകർന്നു കൊടുക്കേണ്ട ദൈവത്തിന്റെ ദാനമാണ് ക്ഷമാപണം.

നമ്മോട് ചെയ്ത തെറ്റു പൂർണ്ണമായും "മറക്കാതെ" നാം ക്ഷമിക്കുന്നില്ല എന്ന ചിന്ത ഒഴിവാക്കണം. ക്ഷമിക്കുക എന്നാൽ കടം റദ്ദ് ചെയ്യുക എന്നാണ്. ഇടർച്ച വരുത്തിയ ആളെ നാം വെറുതെ വിടുമ്പോൾ, അയാളെ പ്രതികാരം വീട്ടാതെ, ശിക്ഷിക്കാതെ വിടുകയാണ് (റോമർ. 12:17, 21). പ്രതികാരമനോഭാവം നമ്മുടെ മനസിലേക്ക് വന്നാൽ, ചിലപ്പോൾ വന്നെന്നിരിക്കും, അപ്പോൾ അതിനെ നമ്മുടെ മനസാക്ഷിയിൽനിന്നകറ്റണം. നമ്മോട് ചെയ്ത തെറ്റ് നമ്മുടെ ഉള്ളിൽ തികട്ടി വരുമ്പോൾ, പ്രതികാരം ഉപേക്ഷിക്കുന്നതാണ്, ക്ഷമാപണത്തിന്റെ അനുഗ്രഹം.

ക്രൂശിൽ വെച്ച് യേശു പ്രാർത്ഥിച്ചു, "പിതാവേ, ഇവരോട് ക്ഷമിക്കേണമേ ..." (ലൂക്കൊ. 23:34). ആ പ്രാർത്ഥനക്ക് പെന്തെകൊസ്തുനാളിൽ ഉത്തരം ലഭിച്ചു, ആളുകൾ സുവിശേഷ സന്ദേശം കേട്ടപ്പോൾ-പലരും മാനസാന്തരപ്പെട്ട്, അവരുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്തു (പ്രവൃ. 2:23, 36-41)

നിങ്ങൾ ക്ഷമിക്കപ്പെട്ടോ? നിങ്ങൾ ക്ഷമിക്കുന്നുവോ?

**"എന്നോട് ക്ഷമിക്കേണമേ" (18:21-35)**

നമ്മുടെ കർത്താവ് പഠിപ്പിച്ചിട്ടുള്ള ഏറ്റവും വലിയ ചില പാഠങ്ങൾ അദ്ധ്യായം 18-ൽ കാണാം. അവൻ ക്ഷമാപണത്തെ കുറിച്ച്-അതെന്താണെന്നും എന്തു ചെയ്യുമെന്നും പഠിപ്പിച്ചിരിക്കുന്നു.

നമ്മുടെ മാനസികവും, വൈകാരികവും, ആത്മികവുമായ ആരോഗ്യത്തിന് ആവശ്യമായ വീണ്ടെടുപ്പ് പ്രവൃത്തിയാണ് ക്ഷമാപണം. ക്ഷമിക്കുവാനുള്ള കഴിവില്ലായ്മയാണ് ക്രിസ്ത്യാനികളിൽ കാണുന്ന സർവ്വസാധാരണമായ പാപം. "ഞാൻ ക്ഷമിക്കുന്നു" എന്നു പറഞ്ഞാൽ മാത്രം പോരാ; അയാൾക്കെതിരെ നിയമപരമായി നീങ്ങാതിരുന്നാലും പോരാ. യഥാർത്ഥ ക്ഷമാപണം എന്നു പറയുന്നത് ഹൃദയങ്ങൾ നിരപ്പാകുന്നതാണ്. അത് സംഭവിക്കാത്തേടത്തോളം, മുറിവ് ഉണങ്ങാതെ കിടക്കും.

ദൈവകൃപയുടെ ശക്തമായ സാക്ഷ്യമാണ് ക്ഷമാപണം. നാം മറ്റുള്ളവരോട് ക്ഷമിക്കുമ്പോൾ, ദൈവം ജീവിക്കുന്നു എന്നും, അവൻ ഇപ്പോഴും പ്രവർത്തിക്കുന്നു എന്നുമാണ് കാണിക്കുന്നത്. മറ്റുള്ളവരുടെ തെറ്റിനോട് നമുക്കുണ്ടാകുന്ന നീരസം നീങ്ങുവാനുള്ള ശക്തമായ വികാരമാണ് അത്. പ്രതികാരം വളരുന്നത് ചിലരിൽ ആത്മിയമായ വലിയ പ്രശ്നം ഉണ്ടാക്കും. മറ്റുള്ളവരോട് സുവിശേഷം പങ്കിടുവാനുള്ള നമ്മുടെ തീരുമാനത്തെ ബലഹീനമാക്കും. ഫലപ്രദമായ ശുശ്രൂഷയെ അതു തടസപ്പെടുത്തും. നമ്മുടെ ജീവിതത്തിൽനിന്നു അവരെ മാറ്റി നിർത്തുന്നതിനുപകരം, അവരോട് ക്ഷമിക്കുക.

നമ്മുടെ ജീവിതം ആകമാനം സൗഖ്യമാകുവാനാവശ്യമായ അനുഭവമാണ് ക്ഷമാപണം. ക്രിയാശൂന്യമായ രാജിയല്ല പാപക്ഷമാപണം. "ഇതിനപ്പുറം എനിക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല" എന്നു പറയുന്നതിൽ ഭേദപ്പെടുത്തുന്ന മനോഭാവം ഇല്ല. ബലഹീനതയിൽനിന്ന് ശക്തിയിലേക്കും, അപര്യാപ്തത യിൽനിന്നു സ്വയം-ഉറപ്പിക്കുന്നതിലേക്കും ചലിപ്പിക്കുന്നതാണ് ക്ഷമാപണം.

ഇരുണ്ട ലോകത്തിൽ, പ്രകാശം പരത്തുന്ന ക്രിയാത്മക ശക്തിയാണ് ക്ഷമാപണം. നിങ്ങൾക്ക് ആരോടെങ്കിലും ക്ഷമിക്കേണ്ടതായിട്ടുണ്ടോ? നിഗ ളവും, വേദനയും മാറ്റിയിട്ട് ശരിയായത് ചെയ്യുക.

നിങ്ങൾ ദൈവത്തിന്റെ പാപക്ഷമാപണം സ്വീകരിച്ചിട്ടുണ്ടോ?

**പൂർണ്ണ ക്ഷമാപണം (18:23-35)**

ദൈവം നമ്മോട് ക്ഷമിക്കുന്നതിനെ കുറിച്ചുള്ളതാണ് ഈ ഉപമ. എല്ലാ ക്രിസ്ത്യാനികളും ക്ഷമിക്കപ്പെട്ട പാപികളും, ദൈവ കരുണയാലും കൃപ യാലും രക്ഷിക്കപ്പെട്ടവരുമാണ്. ക്ഷമാപണം ദൈവമനസിലാണ് സംഭവിക്കു ന്നത്. നാം ചിലപ്പോൾ പറയും, "ദൈവം ക്ഷമിക്കുമ്പോൾ, അവൻ മറക്കുക യാണ്" (എബ്രാ. 8:12; 10:17 നോക്കുക). വാസ്തവത്തിൽ ദൈവത്തിന് പാ പത്തെ മറക്കുവാൻ സാധ്യമല്ല. എങ്ങനെയായാലും, അവൻ സർവ്വജ്ഞനാ ണ്; അവൻ എല്ലാം അറിയുന്നവനാണ്. അതിന്റെ അർത്ഥം എന്തെന്നാൽ, നമ്മുടെ പാപങ്ങൾക്കെതിരായി ശിക്ഷിക്കാതെ നിയമപരമായി നമ്മെ വിടു വിക്കുന്നു എന്നതാണ്. നമ്മുടെ പാപക്കടം തീർക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുകയില്ല, നമ്മുടെ പിഴയായ മരണത്തിൽനിന്ന് അവൻ നമ്മെ വിടുവിക്കുകയാണ്.

നാം ദൈവത്തോട് കൊടുത്തു തീർക്കുവാനുള്ള അസംഖ്യമായ കട മാണ് ക്രൂശിന്റെ സന്ദേശം വ്യക്തമാക്കുന്നത്-നമുക്ക് ഒരിക്കലും കൊടുത്തു തീർക്കുവാൻ കഴിയാത്ത കടമാണ് അത്. ഉപദ്രവമെന്ന ക്രൂശിനെ ദൈവം മാറ്റി അനുഗ്രഹമാക്കി തീർത്തു. ദൈവം ക്ഷമിക്കുമ്പോൾ, അവൻ പൂർണ്ണമായി ക്ഷമിക്കുകയാണ്. ദൈവത്തെ അനുകരിച്ച് മറ്റുള്ളവരോട് ക്ഷമിക്കുവാനാണ് അവൻ ക്രിസ്ത്യാനികളെ വിളിച്ചിരിക്കുന്നത്.

---

കുറിപ്പുകൾ

[1]വില്യം ബാർക്ലേ പറഞ്ഞിരിക്കുന്ന യോഗ്യതകളിൽനിന്നാണ് ഈ പോയിന്റുകൾ എടുത്തിരിക്കുന്നത്, *ദ ഗോസ്പെൽ ഓഫ് മാത്യു*, വാല്യം. 2, 2ഡ് എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1958), 190–92. [2]നോക്കുക മത്താ. 5:1; 13:10, 36; 14:15; 15:12, 23; 17:19; 24:1, 3; 26:17. [3]ക്രെയിഗ് എസ്. കീനെർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലി യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 447. [4]എങ്ങനെയായാലും, ശൈശവത്തെ ആത്മിയമായ പക്വതയില്ലായ്മ കാണിക്കുന്നതിനും പുതിയനിയമ ത്തിൽ പറഞ്ഞിട്ടുണ്ട് (11:16, 17; 1 കൊ. 13:11; 14:20; എഫെ. 4:14; എബ്രാ. 5:13, 14). [5]ജെ. ഡബ്ലിയു.മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി, വാല്യം, 1, മാത്യു ആന്റ് മാർക്ക്* (എൻ.പി.,1875; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 156. [6]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്

കമ്പനി., 1992), 461. [7]നോക്കുക മത്താ 5:29, 30; 11:6; 13:21, 57; 15:12; 16:23; 17:27; 18:6, 8, 9; 24:10; 26:31, 33. [8]*ക്ലെമന്റ്* 46.8. [9]ഹെരോദാവിന്റെ പാർട്ടിയിൽനിന്നു ചിലരെ പിടിച്ചു തടാകത്തിൽ മുക്കിക്കൊന്നതിന് ഗലീലക്കാർ ക്ഷുഭിതരായിരുന്നു എന്നു ജോസെഫസ് പറഞ്ഞിരിക്കുന്നു (*ജോസെഫസ് ആന്റികിറ്റിസ്* 14.15.10.) ഔഗുസ്തോസ് ചില ആളുകളുടെ കഴുത്തിൽ കല്ല് കെട്ടി നദിയിലേക്ക് എറിഞ്ഞു കളഞ്ഞതായി സൂട്ടോണിയസ് പറഞ്ഞിരിക്കുന്നു (സൂട്ടോണിയസ് *ലൈവ്സ് ഓഫ് ദ സീസേഴ്സ്: ഔഗുസ്തോസ്* 2.67.). [10]ഫോട്ടോയോടുകൂടിയ കൂടുതൽ വിവരങ്ങൾക്ക് നോക്കുക, കാൾ ജി. രാമൂസെൻ, "മിൽ; മൈൽസ്റ്റോൺ," ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി., എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 3:355–56.

[11]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 56. എബ്രായ ഭാഷയിൽ എല്ലാം രാജാവിന്റെ "മുഖം" എന്നാണ്. [12]മോറിസ്, 465. [13]ബ്രൂസ് എം. മെറ്റ്സ്ജർ, *ഏ ടെക്സ്ചൽ കമെന്ററി ഓൺ ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്*, 2 ഡ് എഡി., (സ്റ്റട്ട്ഗാർട്ട്: ജെർമൻ ബൈബിൾ സ്വസൈറ്റി, 1994), 36. [14]മിഷ്ണാ *പീയാഹ്* 4.2; ജെറുശലേം താൽമൂദ് *ശാബാത്ത്* 14.3. [15]കീനെർ, 452. [16]ലേവിസ്, 57. [17]മെറ്റ്സ്ജർ, 36. [18]വില്യം ഹെൻഡ്രിക്സൺ, *ന്യുടെസ്റ്റമെന്റ് കമെന്ററി*: എക്സ്പൊസിഷൻ ഓഫ് *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 697–98. [19]എച്ച് എൽ. മാനൻസെൽ, *ദ ബൈബിൾ കമെന്ററി*, വാല്യം 7, *മാത്യു ടു ലൂക്ക്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1981), 95. [20]മുൻപ് മത്തായിയിൽ ഇടർച്ച വരുത്തിയ ആളായിരുന്നു നിരപ്പ് വരുത്തുവാൻ മുന്നിട്ടിറങ്ങുവാൻ പറഞ്ഞത് (5:23, 24 ന്റെ പരാമർശം നോക്കുക).

[21]ആർ ടി.ഫ്രാൻസ്, *ദ ഗോസ്പെൽ ഏക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 275. [22]*കമ്മൂണിറ്റി റൂൾ* 5.24–6.1; *ദമസ്ക്കസ് റൂൾ* 9.2–4. [23]മിഷ്ണാ *മാക്കോത്ത്* 3.1.2. [24]കീനെർ, 454. [25]ജോസെഫസ് *വാഴ്സ്*, 1.5.2. [26]താൽമൂദ് *ബെരാക്കോത്ത്* 6 ഏ; നോക്കുക മിഷ്ണാ *അബോത്ത്* 3.2, 3. [27]താൽമൂദ് യോമാ 86 ബി. [28]നോക്കുക കോയ് ഡി. റോപ്പർ, *എക്സോഡസ്*, ട്രൂത്ത് ഫോർ ടുഡേ കമെന്ററി (സിയേഴ്സി, ആർക്ക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 2008), 612. [29]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു, 14–28,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം, 33ബി (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1995), 538. [30]ജെസെഫസ് *ആന്റികിറ്റിസ്* 17.11.4. മുൻപ് പാലസ്തീനിലെ കൃഷിക്കാർ ചുങ്കം പിരിക്കുവാൻ എണ്ണായിരം താലന്തുകൾക്ക് ലേലം പിടിച്ചിരുന്നു (കൂടാതെ നോക്കുക 12.4.4.).

[31]അഡോൾഫ് ഡെയിസ്മാൻ, *ലൈഫ് ഫ്രം ദ ഏൻഷ്യന്റ് ഈസ്റ്റ്*, റെവ. എഡി., ട്രാൻസ്. ലയണെൽ ആർഎം. സ്ട്രച്ചൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1978), 331. [32]ലിവി 26.34.3. [33]മോറിസ്, 475. [34]അതേപോലെ, ഒരാൾ കടക്കാരനെ തൊണ്ടക്ക് പിടിക്കുന്നത് ചന്തസ്ഥലത്തു വെച്ചാണെന്ന് മിഷ്ണാ പറയുന്നു. (മിഷ്ണാ *ബാബാ ബാത്രാ* 10.8.) [35]ലേവിസ്, 62. [36]തോബിറ്റ് 5:21, 22; 12:11–22; 1 *ഏനോക്* 100.5; *ജൂബിലീസ്* 35.17; *ടെസ്റ്റമെന്റ് ഓഫ് ലേവി* 5.6; *ടെസ്റ്റമെന്റ് ഓഫ് ജേക്കബ്* 2.5, 6; *സ്വീഡോ-ഫിലോ* 11.12; 15:5; 59.4; *ജെനസിസ് രാബാഹ്* 44.3; 60.15; *സോങ് രാബാഹ്* 3.6.3. [37]നോക്കുക ഒറിജെൻ *ഹൊമിലിസ് ഓൺ ലൂക്ക്* 12.